Kṛṣṇacaritam
Maṇipravālaślokam
Kṛṣṇacaritam

1872

Ci
XIV
277

N12<527962913 021

LS

ubTÜBINGEN

Wilh. Kapp
Buchbinderei & Papierh.
Tübingen Münzg. 3

manipravālaślokam

മണിപ്രവാളശ്ലോകം

krṣṇacaritam

ശ്രീകൃഷ്ണചരിതം

ഇത.

മഹാ-രാ-രാ

ച-. അരുണാചലമുതലിയാരവർകളുടെമകൻ

കാളഹസ്തിയപ്പമുതലിയാരവർകളുടെ

വിദ്യാവിലാസ

അച്ചുക്കൂടത്തിൽ അച്ചടിച്ചത.

നടക്കൽകൃഷ്ണപണിക്കരാൽ

പിഴതീക്കപ്പെട്ടത

Kolikkoṭ 1872

കൊഴിക്കൊട.-൧൮൭൨

പ്രിൻടർ-യശായാ.

വില-ഉറുപ്പിക ൳

UNIV. BIBL. TÜBINGEN
Ci XIV 277

മണിപ്രവാളശ്ലോകം

ശ്രീകൃഷ്ണചരിതം

പ്രഥമസൎഗ്ഗം

ഹരിഃശ്രീഗണപതയെനമഃഅവിഘ്നമസ്തു

ഗണപതിഭഗവാനുമബ്ജയോനി പ്രണയിനി
യാകിയദെവിവാണിതാനും ഗുണനിധിഗുരുനാഥ
നുംസദാമെതുണയരുളീടുകകാവ്യബന്ധനാൎത്ഥം ... ൧

പുരഹരനമലൻമുരാരിദെവൻ പുരമുരശാസനനസ്സു
നഭ്രുതനാഥൻ ധരണിസുരമഹാജനങ്ങളുംമെ വരമ
രുളീടുകവാഞ്ഛിതാനുകൂലം ൨

മധുരിപുചരിതംമനൊഭിരാമം മധുരപദാകലിതം
മണിപ്രവാളം മതികമലവിലാസഹെതുഭൂതം കതിപ
യസൎഗ്ഗമിദംകരൊമികാവ്യം ൩

ദുരിതനിധികളായ ദാനവാനാം ഭരമതിദുസ്സഹമാ
കയാലൊരുനാൾ ധരണിഭഗവതീവിരിഞ്ചലൊകെ
വിരവൊടുചെന്നുവണങ്ങിനിന്നുചൊന്നാൾ ... ൪

സരസിജഭവദെവപാഹിപാഹി ത്വരിതതരംകരു
ണാനിധെനമസ്തെ പരവശതരയാംധരിത്രിഞാനെ
ന്നറികഭവാനഖിലപ്രപഞ്ചബന്ധൊ ൫

അമരമുനിമഹാസഭാന്തരാളെ കിമപിഭയഞ്ചവിനാ
നിതംബിനീനാം വചനമുചിതമല്ലമല്ലയൊനെ സു
ചിരവിഷാദവശെനവെണ്ടിവന്നു ൬

അനുചിതമിദമെങ്കിലുംമഹാത്മൻ കനിവൊടുഹ
ന്തഭവാൻക്ഷമിക്കവെണം മലകളിളകിലുംമഹാജനാ

ന്നാം മനമിളകാ ചപലൊക്തികെൾക്കിലുംകെൾ ... ൭
അസുരഭടജനം മനുഷ്യഭാവം പ്രസഭമിയന്നിഹ
കംസസാരഭൃതം അവനുടയപടജ്ജനങ്ങളെല്ലാരം ശി
വശിവപൂൎണ്ണമതായിമൽപ്രദെശെ ൮
ദ്വിജവരയജനാദിധൎമ്മമെല്ലാംഭുജബലശാലിശ
ന്മുടക്കുവാനായി അനുദിവസമവൻബഹുപ്രകാരം ദ
നുജകുലാനിനിയൊജയാഞ്ചകാര ൯
പശുകുലഹരണംപതിവ്രതാനാം ഭൂശുരദൂഷണ മ
ഗ്രഹാരനാശം ഇതിബഹുവിധദുഷ്ടകൎമ്മമിപ്പൊളതി
ശയപാപിജനങ്ങളാരഭന്തെ ൧൦
ഇടിയൊടുപടവെട്ടമട്ടഹാസം കടുതരദുസ്സഹകുത്സ
നാദിവാക്യം കുടിലകുചരിതങ്ങളുംനിനച്ചാൽ ഝടി
തിനടുങ്ങുമശെഷജീവലൊകം ൧൧
ഗിരികളടവിയുംമരങ്ങളുംമെ തരളതിമിംഗിലമാഴി
ചക്രമെഴും ഇവപലതുമിനിക്കുഭാരമല്ലാ ശിവശിവ
ദുൎജ്ജനഭാരമെവഭാരം ൧൨
പടഹപടുപടുരായിതംമുഴക്കി പടകളിടഞ്ഞുനടക്കുമ
ദ്ദശായാം ഇടിപൊടിതകരുംധരാവിഭാഗെപൊടിപട
ലത്തിലൊളിച്ചുഭാനുബിംബം ൧൩
അവരുടെപടയുംപരാക്രമംകൊണ്ടഖിലനിലിമ്പ
ബലംവശംകെട്ടൂ അവനിപതികളെന്നു ഭാവമാ
ത്രം ഭുവനവിനാശകരൊരുകശ്മലാനാം ൧൪
മമഭയമഖിലംശമിപ്പതിന്നായി കിമപിതുണെച്ചരു
ളെന്നെമബ്ജയൊനെസമവിഷമദശാവിശെഷമെല്ലാ
മമലമതെധരിയാതിരിക്കുമൊനീ ൧൫
ഇതിവസുമതിതന്റെവാക്കുകെട്ട ങ്ങതികരുണാകു
ലനാംവിരിഞ്ചനപ്പൊൾ സ്മിതമധുരതരാക്ഷരംബഭാ
ഷെ മതിമതിതാപമെടൊമഹാനുഭാവെ ൧൬
പരമപുരുഷനാംപയൊധിശായീ പരചിദനാകുല
മൂൎത്തിപത്മനാഭൻ പരിചൊടുപരിതാപ ശാന്തയെ
തെ വരമരുളിടുമവൻനമുക്കുദൈവം ൧൭
അവനവനിനിനക്കുജീവനാഥൻ ഭുവനജനാൎത്തി

ഹരൻഭുജംഗശായി അവനുടെനികടെ ഗമിക്കെടോ
നാമവശതതീരുമവന്റെസന്നിധാനാൽ ... ൧൮

അമരപതിയുമിന്ദുചൂഡനുംമററമരജനങ്ങളുമാസ്ഥ
യൊടുഞാനും അനലനനിലനുംവസുക്കളെട്ടുംപുനരു
പദേവകളുംഗമിക്കവെണം ൧൯

പരിചൊടുബതപാൽക്കടൽക്കമദ്ധ്യേ പരമുരഗപ്പെ
രുമാളെമെത്തയാക്കിപരമസുഖരസെനപള്ളികൊള്ളും
പരമപുമാനെവണങ്ങുവാൻനടപ്പിൻ ... ൨൦

അവനുടെകൃപകൊണ്ടുസൃഷ്ടികൎത്താവഹമിതിഭാവ
മിനിക്കുരതാഗ ഒട്ടേഅവനുടെചരണാംബുജങ്ങളന്ന്യെ
ശിവനുമിനിക്കുമൊരാശ്രയംനമന്ന്യെ ... ൨൧

ഇതിമുഹുരരുൾചെയ്തുപത്മജന്മാ പതിജവമൊടെഴു
നീററുപത്മപീഠാൽ അമരപതികളൊടുമൂഴിയൊടും സ
മമഥയാത്രതുടങ്ങിഭംഗിയൊടെ ൨൨

പിരവൊടുകലശാംബുരാശിതീരെ സുരപതിയുംവി
ധിയുംമഹാസമൂഹം തപരിതരമണിഞ്ഞു ഭക്തിയൊ
ടെ മുരരിപുതൻചരിതംസ്തുതിച്ചുചൊന്നാർ ... ൨൩

നളിനനയനഹെഹരെനമസ്തെ നരകരിപൊകരു
ണാംബുധെനമസ്തെ ജയജയജഗതീപതെനമസ്തെ
ജലധരചാരുതരാകൃതെനമസ്തെ ൨൪

ജഗദുദയവിനാശകാരണംനീജനപരിപാലനശീ
ലനായതുംനീ അജനമലനനന്തനായതുംനീ സുരജന
ചിത്രചരിത്രനായതുംനീ ൨൫

സഗുണനഗുണനെകനായതുംനീ സകലചരാച
രജീവനായതുംനീ സകലനപിചനിഷ്കളൻഹരെനീ
സകലപതെകമലാപതെനമസ്തെ ൨൬

പ്രകൃതിപുരുഷനാംഭവാനനന്തൻപ്രകടയതിപ്ര
ഥമംപ്രപഞ്ചമെല്ലാം പ്രകൃതിജനനിമായയായദെവീ
വിപുലതരംഭ്രമവിട്ടശംവിധത്തെ ൨൭

ഒരുവനതിധനൻപരൻദരിദ്ര്യൻ പരനതികക്കശ
നന്ന്യനത്യുദാരൻ ഇതിപലവിധഭാവഹെതുഭൂതൻ ദി
തിജവിനാശനനാദികെശവൻനീ ... ൨൮

പൃഥുതരമൊരുമത്സ്യമായതും നീ പ്രഥിതമഹാബല കൂൎമ്മമായതും നീ കഠിനതരവരാഹമായതും നീ കടുതര ഘൊരനൃസിംഹമായതും നീ ൮൯

പുനരൊരുവടുവെഷനായതും നീ മനുജവരാന്തകരാമനായതും നീ ദശമുഖരിപുരാമനായതും നീ വിശദമഹാകരുണാനിധെ നമസ്തെ ൯൦

നരകമഥനനാഥദീനബന്ധൊ ചിരമൊ ടുപാലയ വിശ്വനായകാ നീ ധരണിയുടെഭരം നിരാകരിപ്പാൻ കരുണഭവിച്ചരുളെണമന്തരംഗെ ... ൯൧

ഇതിനുതിവചനങ്ങളൊതിനിന്നാ രതിഘനഭക്തി വിശുദ്ധരാം സുരന്മാർ അതുസമയമുദാരമെഘനാദപ്രതിനിധിയാമശരീരിവാക്കമാസീൽ ... ൯൨

ഗഗനവചനതത്വമങ്ങറിഞ്ഞാ നമലസമാധിസമെതനാം വിരിഞ്ചൻ മധുമഥനനിയൊഗമാകവെതാൻ മധുരമുവാചമുദാമഹാസഭായാം ൯൩

അനിമിഷവരരെധരിച്ചുകൊൾവിൻ കനിവൊടു കൈടഭവൈരിതൻ നിയൊഗം അവനവനിതലെസമുത്ഭവിക്കും ഭുവനപതിവ്വസുദെവപുത്രഭാവാൽ ... ൯൪

ഉരഗവരനനന്തനും ജനിക്കും മുരരിപുതന്നുടെ പൂൎവ്വജതാമൊടെ അവരുടെപരിവാരപൌരുഷാൎത്ഥം യദുകുലധാമനി നിങ്ങളും ജനിപ്പിൻ ൯൫

ഭുവനജനനിയായമായതാനും ഭുവിജനനെകനിവൊടൊരുമ്പെടുന്നു സുരതരുണികളും ധരാതലെ ചെന്നുരുതരസൌഭഗമുത്ഭവിക്കവെണം ൯൬

വസുമതിയുടെഭാരമാശ്വതിപ്പാൻ വടിവൊടുടൻതുടരുന്നുവാസുദെവൻ അസുവിനുസമയായധാത്രിതന്റെ വ്യസനമഹൊഭഗവാൻസഹിക്കമൊതാൻ ... ൯൭

ഇതിവിധിവചനങ്ങൾകെട്ടനെരം മതിതളിരിൽകലരും പ്രമൊദമൊടെ ക്ഷിതിയുമതികുതൂഹലം മറഞ്ഞാളമരജനങ്ങളുമഞ്ജസാഗമിച്ചാർ ... ൯൮

തദനുചമധുരാപുരെവിളങ്ങും മുദിതമഹാമതിയായ ശൂരപുത്രൻ ഗുണനിധിവസുദെവയാദവെന്ദ്രൻ പ്ര

ണയിനിദേവകിയെസ്സുഖേനവെട്ടാൻ ... ൩൯
നവജലധരചാരുവേണിയാളാമവളുടെയഗ്രജനു
ഗ്രസേനപുത്രൻ പ്രഥുതരഭുജശാലിഭോജരാജൻപ്ര
ഥിതമഹാജനകംപകാരികംസൻ ൪൦
അവനതികുതുകീരഥംകരേറീ കനിവൊടുദമ്പതി
മാർക്കുതേർതെളിപ്പാൻ യുവതിധനമനേകമാനതേരും
കുതിരയുമാനകദുന്ദുഭിക്കുനൽകി ൪൧
പടുപടഹരവങ്ങളാലവട്ടം കുടതഴചാമരമാദിരാ
ജചിഹ്നം പടകളുമിടകൂടിത്രുദ്ധഘോഷം ഝടിതിനട
ന്നുതുടങ്ങിഭംഗിയോടെ ൪൨
അതുപൊഴുതശരീരിവാക്യഘോഷം വിതതഭയം
കരമംബരെഭവിച്ചു ഇവളുടെസുതനഷ്ടമൻഭവാനെ
ഝടിതിവധിക്കുമറിഞ്ഞുകൊൾകകംസ ... ൪൩
അതുവിരവൊടുകേട്ടു രുഷ്ടനായാ നതുലപരാക്രമ
ശാലിഭോജരാജൻ ഭഗിനിയുടെകചം പിടിച്ചിഴച്ചാ
നസിലതകൊണ്ടഥവെട്ടുവാൻതുടർന്നാൻ ... ൪൪
ശുഭമതിവസുദേവനേവമപ്പോളുഭയമിരന്നുവണ
ങ്ങിനിന്നുചൊന്നാൻ അരുതരുതുവധൂവധംമഹാത്മ
ൻ ദുരിതമകപ്പെടുമിപ്രകാരമായാൽ ... ൪൫
യുവതികളെവധിക്കയോഗ്യമോതാ നവരതിദുഷ്ട
കളെങ്കിലുംനരേന്ദ്രാ ഇവൾപുനരപരാധമെന്തുചെ
യ്തുശിവശിവനിഷ്കൃപനായതെന്തെടോതാൻ ... ൪൬
നിജമരണഭയംനിനക്കുകൊണ്ടോനിജഭഗിനീനി
ധനായനീമുതിർന്നു നിജഭുജബലകീർത്തിപൂർത്തി യെ
ല്ലാം ത്യജതിഭവാനിഹജീവിതാഗ്രഹത്താൽ .. ൪൭
ജനനമരണമെന്നതിജ്ജനാനാ മനുഭവമെന്നതി
നെന്തെടോവിവാദംമരണദിവസവുംശിരസ്സിലാക്കി
ധരണിതലംപ്രവിശന്തിമാനുഷന്മാർ ... ൪൮
ചിലരിഹപലവാസരംവസിക്കും ചിലരുടനെന്നി
ജകർമ്മണാമരിക്കും മരണമൊരുവനുംവരാത്തതല്ലെന്ന
റികഭവാനറിവുള്ളചാരുബുദ്ധേ ... ൪൯
അവികലമലമൂത്രമാംസപിണ്ഡം ഭുവിബഹുദുർഗ്ഗ

ടദുഃഖദൃഷ്ടപാത്രം ഇദമവനിപതെ നരന്റെഗാത്രം
വദവദവാഞ്ഛിതമത്രനിഷ്ഫലന്തെ ... ൧൦

അശരണജനനിഗ്രഹം തുടൎന്നാ ലശനിസമന്തവ
പാപമാപതിക്കും ദൃഢതരനരകാഗ്നിയിൽപതിക്കും കു
ശമതിയായഭവാനതൊവരെണ്ട ൧൧

തെരുതെരെവളരുന്ന സാഹസങ്ങൾ കരുതരപാ
ത്രമതായിഭൊജരാജൻ അരുതിവനൊടുകൂടിവാസമി
ത്ഥം കരുതിനടക്കമിനിപ്രജാസമൂഹം ... ൧൨

അതിശഠമതികംസനെന്നുനിന്നെ കൃതികൾദൂഷി
ക്കമതിന്നുനീക്കമില്ലാ അതിനുമതിരൊലാ മഹാമതെ
നീ മതിമതിസാഹസമിങ്ങുവാങ്ങിനിൽക്ക ... ൧൩

ഇതിബഹുവിധവാക്കുകൾകൊണ്ടുംമതിയിലൊ
രാദ്രൃതഭൊജരാജനില്ലാ മനസിദൃഢമറിഞ്ഞുറച്ചുകൃത്യം
പുനരപിതംവസുദെവനെവമൂചെ ... ൧൪

ഇനിയുമൊരുപദെശമാശുകെൾനീ നനുതവസൊ
ദരിയാമിവൾക്കുജാതം തനയനെവിരവൊടഹംതരു
ന്നെൻ മനുജപതെമതിയുണ്ടുകണ്ടിതന്തെ ... ൧൫

ഇതിപലവസുദെവ ഭാഷിതംകെ ട്ടതിമുദിതൊഗൃ
ഹമാപഭൊജരാജൻ പതിയൊടുസഹദെവകി ഗമി
ച്ചാ ഉതനുമുദാനിജമന്ദിരെരമിച്ചാൾ ... ൧൬

പലദിവസശതംകഴിഞ്ഞശെഷംചലമിഴിയാൾക്ക
ഥഗൎഭമുത്ഭവിച്ചു സുലളിതനൊരുപുത്രനുംജനിച്ചുസു
ലഭമഹൊഗുണികൾക്കുവാഞ്ഛിതാൎത്ഥം ... ൧൭

സമയമഥനിനച്ചുസത്യസന്ധൻ തമപിചകംസ
നുനൽകിനാൻപിതാവും പ്രമുദിതമതികംസനെവമൂ
ചെ സമുചിതമല്പസഖെശിശൊൎവ്വധംമെ ... ൧൮

കനിവൊടിവനെനീവളൎത്തുകൊൾക പുനരഹമ
ഷ്ടമനെപരംവധിപ്പൻ ഇതിദനുജനുചെന്ന ദത്തനാ
കും സുതനെമുദാവസുദെവനാശുവീണ്ടാൻ ... ൧൯

കലഹകുതുകിനാരദൻകദാചിൽ ഖലമതിയാമവ
നൊടുവന്നുചൊന്നാൻഅരുതരുതുനിനക്കുഭൊജരാജാ
കരളിലൊരാൎജ്ജവമെന്തിന്നുചൊല്ലാം ... ൨൦

ത്വപരിജനവും ഭവാനുമെല്ലാം ഭുവി ഗതരാമസുരാംശസംഭവന്മാർ അപി പുനരിഹ വൃഷ്ണിയാദവന്മാരറികഭവാനസുരാംശസംഭവന്മാർ ൰൧

ഏവം മുനീന്ദ്രവചനം ബത കേട്ടനേരം ഭാവം പകൎന്നിതി ശമെറിന ഭോജരാജൻ മുന്നം പുറന്നുവളരുന്നൊരു കീൎത്തിമാനെ കൊന്നംകളഞ്ഞു ഫതെളിഞ്ഞു ഞെളിഞ്ഞുവാണാൻ ൰൨

രണ്ടാമതും തനയനമ്പൊടു ദേവകിക്കുണ്ടായി കംസനവനെയുമുടൻ വധിച്ചാൻ ഒരംപണ്ണമാറു ശിശുമാരണമാശു ചെയ്യാൻ ജീവാവസാനഭയചഞ്ചലനായമൂഢൻ ൰൩

ഉത്തമപൂരുഷശാസനകൈക്കൊണ്ടുരഗകുലാധിപസന്നിധിയോഗാൽ സപ്തമമാകിന ഗൎഭമുദാരം സപദി ധരിച്ചിതു ദേവകി താനും ൰൪

വൈകുണ്ഠദേവനരുൾചെയ്കിതു മായയോടെ വൈകാതെ ദേവകിയുടെ ജഠരത്തിൽ മേവും ലോകോപകാരകമതാകിയ ബീജമിപ്പോളാകൎഷണേന വശമാക്കുക നീ സുശീലേ ൰൫

പ്രഥിതവിനയശോഭാധീരനാം ശൌരിതന്റെ പ്രഥമമഹിഷിയാകും രോഹിണീദേവിതന്റെ ജഠരകുഹരദേശേ ശേഷതേജോവിശേഷം പലടയകുടില കൎമ്മപ്രക്രിയാസുപ്രവിഷ്ടം ൰൬

ഗോപലോകമകുടാവതംസമണി നന്ദഗോപരുടെ പത്നിയാം ഗോപികാകുലകലാപമാകിന യശോദതന്നുദരകന്ദരേ ചെന്നിരുന്നു ജനിക്ക നീ ജനനപാശനാശരചനോന്മുഖേ നന്ദനന്ദിതു നിനക്കൊടൊന്നിഖിലവന്ദനീയചരണാംബുജേ ൰൭

ഏവമാദിമുരവൈരി ദേവനുടെ ശാസനേന കില മായതാൻ ദേവകീജഠരഗാമി ധാമമതു രോഹിണീജഠരമാനയൽ നന്ദസുന്ദരി യശോദ തന്നുദരകന്ദരത്തിലിട ചെന്നുടൻ മന്ദമന്ദമവളും ജനിപ്പതിനു കോപ്പുകൂട്ടിമരുവീടിനാൾ ൰൮

ദെവകിക്കലസിഗൎഭമെന്നൊരുവിശെഷമൻ പൊ
ട്ടുമഹീതലെ കെവലംവിലസിനീളവെ സപദികെ
ന്നുവാന്നിത്തുമഹാജനം ദെവദെവനഖിലെശനവ്യ
യനമെയശീലനജനാമരൻ ദെവകിംപുത്രഷസെവി
തൻസപദിദെവകീജഠരമാവിശൽ ... ൯

രൊഹിണീതദനുമൊഹനീയഗുണദെഹകാന്തിമയ
ചന്ദ്രികാ മൊഹിതാഖിലചരാചരംകില കുമാരമാശു
സൃഷ്ടുവെമുദാ ദെഹികൾക്കതികുതൂഹലംമനസി രൊ
ഹിണീസുതവിലൊകനെ രൊഹിണീശവദനൻ മ
നൊഹരവിലാസമൻപൊട്ടുവിളങ്ങിനാൻ ... ൧൦

കാളമെഘമിടതിങ്ങിവിങ്ങിവെത ഭംഗിയെറുമിടിമി
ന്നലും മെളമൊടുജലധാരമാരികളുമെത്രയുംബഹു മ
നൊഹരം അൎദ്ധരാത്രിസമയംസമാഗതമുദിച്ചു ചന്ദ്ര
നുമഹൊതദാ സിദ്ധചാരണസുരാബലിസ്തുതികളുദ്ധ
തംദിവിമഹൊത്സവം ൧൧

പൂൎണ്ണഗൎഭസമസ്തത്രിഭുവനശുഭകൎമ്മങ്ങളെ കത്രക്കു
ടി പൂൎണ്ണാനന്ദംവിളങ്ങിടിനവഘനപടലശ്യാമധാമാഭി
രാമൻ മംഗല്യെസമൂഹത്തിൻമഹിതഗുണമിയന്നഷ്ട
മീരൊഹിണീഭ്യാം സംഗെഭംഗ്യാജനിച്ചാനഴകൊടു
ജഗതീമൂലകന്ദംമുകുന്ദൻ ൧൨

മിന്നുംപൊന്നിൻകിരീടംതരിവളകടകം കാഞ്ചിപൂ
ഞ്ചെലമാലാ ധന്യശ്രീവത്സസൽകൌസ്തുഭ മിടകല
രുഞ്ചൊരുദൊരന്തരാളം ശംഖംചക്രം ഗദാപംകജമിതി
വിലസുംനാലുതൃക്കൈകളൊടെസംകീൎണ്ണശ്യാമവൎണ്ണം
ഹരിവപുരമലംപൂരയെന്മംഗലംവഃ... ... ... ൧൩

ഇതിശ്രീകൃഷ്ണചരിതെ പ്രഥമസൎഗ്ഗഃ

ദ്വിതീയസൎഗ്ഗം

ലൊകൈകനാഥൻറശുഭാവതാരെ ലൊകങ്ങളെ
ല്ലാമുടനെതെളിഞ്ഞു മാകന്ദമന്ദാരസുഗന്ധവാഹീ മാ
ഷ്ടാതവൎണ്ണംവിലസീസമീരൻ ൧

പ്രസന്നമായീതുജനങ്ങളെല്ലാം പ്രസൂനവൎഷംഗ
ഗനെതുടങ്ങി പ്രസൂതികാലെമരവൈരിതൻറ പ്ര
സൂജനംപൂൎണ്ണസുഖെനമെവീ ... ൨

കിരീടസൽകുണ്ഡലഹാരമാലാ പരീതനാംപീതദുകൂ
ലധാരി കരങ്ങളിൽശംഖഗദാരിപത്മം ധരിച്ചദെവ
ൻവിവിധംവിളങ്ങി ൩

അനന്തരംവിഷ്ണുശരീരമപ്പൊ ളനന്തകാന്തിപ്രസ
രെണദൃഷ്ട്വാ അനന്തസന്തൊഷരസംസ്തുതിച്ചാ ന
ന്തരായംവസുദെവനെവം ... ൪

നമൊസ്തുതെമാധവശാൎങ്ഗപാണെ നമൊസ്തുതെ
കെശവദീനബന്ധൊ നമൊസ്തുതെലൊകപതെമുരാ
രെ നമൊസ്തുതെനാഥദയാപയൊധെ ... ൫

അറിഞ്ഞുകൂടാത്തവനെങ്കിലുംതാ മറിഞ്ഞുഞാൻ
നിൻകൃപകൊണ്ടിദാനീം അറിഞ്ഞുപൊകാത്തഗുണെ
നവിശ്വംനിറഞ്ഞുമെവുംനിഖിലെശ്വരാനീ . ൬

വിളക്കപൊലെവിവിധപ്രപഞ്ചെ വിളങ്ങുമാന
ന്ദമയസ്വരൂപിൻ ഇളക്കമില്ലാത്തമഹാത്മചെന്നീ ഇ
ളയ്ക്കാലാരക്ഷണനിരീക്ഷണമെ ... ൭

വിശ്വങ്ങളെല്ലാമുളവാക്കിമുന്നം വിശ്വാസപൂ
ൎവ്വംപരിരക്ഷചെയ്യും നിശ്ശെഷമൻപൊടഥസംഹരി
ച്ചും നിശ്ശൊകമൊദംവിളയാടുവൊൻനീ ... ൮

അംഭസ്സിലാകാശതലംകണക്കെ സംഭാവനംചെ
യ്യിലിദംപ്രപഞ്ചം സംബന്ധമുണ്ടാക്കിനമായതന്നി
ൽ വിംബിച്ചുകാണുന്നുഭവൽകടാക്ഷാൽ ... ൯

ജ്ഞാനംമനസ്സിൽജനിയായ്കമൂലം ഞാനെന്നഹംഭാ
വമഹൊജനാനാം നൂനംവിഭൊനിൻചരിതംഗ്രഹി
ച്ചാ ലാനന്ദമല്ലാതൊരുഭാവമുണ്ടൊ ... ൧൦

കാമാദിഷൾക്കംബഹുദുഃഖമൂലം പ്രാമാദികംപൊ
ലിഹസത്യബൊധം ധീമാനിതൊന്നുംഗ്രഹിയായ്കകൊ
ണ്ടെല്ലാമഗാനാകുന്നുഭവാംബുരാശൌ ... ൧൧

ജന്മങ്ങളിൽചെയ്യൊരുകൈതവംകൊ ണ്ടുമൊഹ
ദിജ്ഞന്മനിസജ്ജനാനാം താന്മഗ്നമായൻപൊടുചി

ത്തമെങ്കിൽ ത്വന്മായയാബന്ധനമില്ലനൂനം ൧൨
കംസാദിദുഷ്ടേന്ദ്രകദുൎജ്ജനാനാം ഹിംസാൎത്ഥമാകുന്നു
ത്വാവതാരം സംസെവനംചെയ്യിയലുംനരാണാം
സംസാരസംബന്ധമകറ്റുവാനും ... ൧൩
തൽപൂൎവ്വജന്മാരതികോമളന്മാതുല്യനരായിമമനന്ദ
നന്മാർ ദൎപ്പേണകൊന്നാനവരൊദുരാത്മാ സൎപ്പാരി
സൎപ്പങ്ങളെയെന്നപോലെ ... ൧൪
അക്കംസമത്തക്കരിനസിംഹതുല്യൻ ദിക്കൊക്കവെ
ഹന്തമടിച്ചൂഢൻ ഇക്കാലമിതജ്ജനനംഗ്രഹിച്ചാ
ൽ വക്കാണമിച്ഛിച്ചവരുംമുരാരെ ... ൧൫
ഇദംചതുൎവ്യൂഹകമായരൂപം മുദാചുരുക്കീടുകചക്ര
പാണെ ഉദന്തമക്കംസഭടൻഗ്രഹിച്ചാ ലുടിന്നുകൊ
പെനസമാഗമിക്കും ൧൬
തദന്തരെദെവകിയുംസ്തുതിച്ചാ ളുദാരമൂൎത്തെഭഗവാ
ൻനമസ്തെ മദാന്ധദൈത്യാരിഭവാനിദാനീം മദാത്മ
ജത്വേനസമെതനായൊ ... ൧൭
അഹൊമദീയംസുകൃതംമുരാരെ മഹൊദയംയാദവ
വംശജാനാം മഹാനുഭാവൻമഹനീയശീലൻ മഹീ
തലെവന്നുഭവാൻപിറന്നു ... ൧൮
ഭവാൻഭവക്ലെശവിനാശകാരീ ഭവാൻഭുജംഗാധി
പതല്പശായീ ഭവാനശെഷാഗമഗമ്യരൂപൻ ഭവാൻ
പ്രസാദിച്ചരുളെണമെമെ ... ൧൯
ഇത്ഥംപിതാവുംജനയിത്രിതാനും ബദ്ധപ്രമൊദം
സ്തുതിചെയ്യുന്നെരം മുഗ്ദ്ധസ്മിതംസ്നിഗ്ദ്ധകടാക്ഷമൊടെ
സിദ്ധാന്തസാരംഭഗവാനുമൂചെ ... ൨൦
ഹെതാതഹെമാതരനന്തഭാഗ്യൌ ചെതൊവിഷാദാ
ദിവെടിഞ്ഞുകൊൾവിൻ പീതാംബരൻഞാൻഭവതൊ
സ്സ്വഭാവാൽ പ്രീതാശയത്വെനവരംതരുന്നെൻ ൨൧
അതീതജന്മങ്ങളിൽനിങ്ങൾചെയ്തൊ രതീവപുണ്യ
ക്രിയകൊണ്ടിദാനീം ഇതീദൃശംമാമകപൂൎണ്ണരൂപം നി
താന്തമാലൊകനപാത്രമായി ... ൨൨
യശൊദയാഭക്തിവിവെകശീലാ യശൊദയെന്നു

ള്ളൊരനന്ദപത്നി സുമാനുഷീസംപ്രതിഗൊപവാടെ
കുമാരിയെത്താൻപ്രസവിച്ചശെതെ ... ൨൩
ഗൂഢംഭവാനെന്നെവഹിക്കവെണം മൂഢൻഗ്ര
ഹിക്കാതെഗമിക്കവെണം എന്നെട്ഭവാൻനന്ദഗൃഹെ
കിടത്തി കന്യാവിനെക്കൊണ്ടിഹ പൊന്നുകൊൾ
ക ൨൪
നീലാംബുദശ്യാമളനെവമുക്ത്വാ ബാലാനുരൂപം
നിജരൂപമാക്കി കാലുംകുടഞ്ഞങ്ങുകരഞ്ഞനെകം ലീ
ലാവിലാസെനശയിച്ചുദെവൻ ... ൨൫
കരത്തിലാക്കിക്കനിവൊടുബാലം തിരിച്ചുമന്ദംവ
സുദെവനപ്പൊൾ പരക്കവെതിങ്ങിനകൂരിരുട്ടും നിര
ക്കവെകാട്ടമതിവഷെലാരം ... ൨൬
മുഴങ്ങുമംഭൊധരമാരിതട്ടി പ്പുഴങ്ങിവീഴുന്നമരങ്ങ
ളൊട്ടും അഴിഞ്ഞുസെതുക്കളിടിഞ്ഞുവെള്ളം വഴിഞ്ഞു
വീഴുന്നനദങ്ങളൊട്ടും ... ൨൭
അത്യന്തദുസ്സഞ്ചരമദ്ധ്വരാത്രെ തത്തൽപ്രദെശംസു
ഖമെകടന്നാൻ സർപ്പാധിരാജൻഫണചക്രവാളം
കെല്പൊടുപിമ്പെകുടയായ്പിടിച്ചാൻ ... ൨൮
ഓളങ്ങൾതള്ളിപ്പുളിനംപിളൎക്കും കാളിന്ദിതന്നിൽക
വിയുന്നവെള്ളം പിളൎന്നശൌരിക്കതദാകണങ്കാലൊ
ളംകവിഞ്ഞീലഹരിപ്രഭാവാൽ ... ൨൯
വ്രജത്തിലപ്പൊൾപ്പുക്കയശൊദതന്റെ ഭുജാന്തികെ
ബാലകനെക്കിടത്തി കുമാരിയെപ്പാണിതലെഗ്രഹീ
ത്വാസാമൊദമപ്പൂരുഷനിങ്ങുപൊന്നാൻ ... ൩൦
ഉണൎന്നുമെല്ലെന്നുയശൊദതാനും പുണൎന്നുടൻപുത്ര
നെമന്ദമന്ദം അമന്ദസന്തൊഷസുധാസമുദ്രെനിമഗ്ന
യായ്പുന്നിതുസുന്ദരാംഗി ... ൩൧
ശൂരാത്മജൻതാനഥതാംകുമാരിം ഭാൎയ്യാസമീപംഗ
മയാഞ്ചകാര ആരൊമല്ക്കന്യകയെക്കരാഭ്യാം പരിഗ്ര
ഹിച്ചാളഥദെവകീസാ ... ൩൨
നാരായണൻതന്നുടെജന്മകാലെ പാരാതെവെച്ചൊ
ട്ടൊരുശൃംഖലത്തെ യഥാപുരാപ്പാദകരെഷുബന്ധാ

വ്യഥാകുലം ദംപതിമാർ വസിച്ചാർ ... ൩൨

ബാലസ്വരം കെട്ടഥ കിംകരന്മാർ നാലഞ്ചുപെർകൂടി
ജവെന ചെന്നാർ ലീലാഗൃഹെമെവിന കംസനൊട
ക്കാലൊചിതം വൃത്തമുണൎത്തിനിന്നാർ ... ൩൩

കംസൻ പുറപ്പെട്ടിതി വെഗമൊടെ ഹിംസാമുദാ ഗഭ
ഗൃഹം പ്രവെശെ അന്നെരമദ്ദെവകി ശൊകമൊടെ
ചൊന്നാളഹൊ ബാഷ്പജലം വമന്തീ ... ൩൪

കൊന്നീടൊലാ സൊദരകന്യകാം മെ നന്നല്ലെടൊ
സ്ത്രീവധമെവനും കെൾ ഒന്നല്ലരണ്ടല്ലകുമാരഷൾക്കും
കൊന്നീലയൊ നിഷ്കരുണാശയാ നീ ... ൩൫

എന്നിപ്രകാരം ഭഗിനീവിലാപം നിന്ദിച്ചുതൻന
ന്ദിനിയെ ഗ്രഹിച്ചാൻ പാദെപിടിച്ചാശു ശിലാതലാ
ന്തെ മെദ്ദെന താഡിപ്പതിനും തുടൎന്നാൻ ... ൩൬

കെല്പെറുമക്കന്യക തൽകരാഗ്രാ ദുല്പത്യ നിന്നാളമരെ
ന്ദ്രദെശെ അല്പെതരപ്രാഭവശൊഭയൊടെ കല്പാന്ത
സൂൎയ്യപ്രതിമപ്രകാശാ ... ൩൭

നാലെട്ടുതൃക്കൈകളിലുംജ്വലിക്കും ശൂലാദിനാനായു
ധഭാസമാനാ മൂൎത്ത്യാ മനൊജ്ഞാ മുനിസെവ്യമാനാ കാ
ൎത്ത്യായനീ കംസമിദം ബഭാഷെ ... ൩൮

അരെ ദുരാചാര നൃശംസ കംസാ പരാക്രമം സ്ത്രീകളി
ലല്പ വെണ്ടു തവാന്തകൻ ഭ്രമിതലെ ജനിച്ചു ജവെന
സൎവ്വത്രതിരഞ്ഞുകൊൾക ... ൩൯

അടിപ്പതിന്നെങ്കിലുമെന്റെ പാദം പിടിച്ചു നീയെ
ന്നതു നിൎവ്വിവാദം ഹനിക്കയില്ലെന്നതുകൊണ്ടു ഞാനും
ജനിച്ചതാനും തവ ദൎപ്പധാരൻ ... ൪൦

ഇത്ഥം പറഞ്ഞാശു മറഞ്ഞു ദെവീ ബുദ്ധിക്ഷയം പൂ
ണ്ടു ഗമിച്ചു കംസൻ ഗതാനികെതം വസുദെവനൊടും
തത്ഭാൎയ്യയാം ദെവകിയൊടുമൂചെ ... ൪൧

അഹൊ മഹാപാപി മഹാശഠൻ ഞാൻ സഹൊദ
രീപുത്രവധെന നൂനം സഹായമയ്യൊ മമ നാസ്തി ലൊ
കെ മഹാഭയം മെലിൽ വരുംദശായാം ... ൪൨

ജനിക്കുമന്നന്നുടനെ മരിക്കും മനിക്കുമുള്ളൊന്നു ശ

രീരനാശം ഇനിക്കുമന്ത്യമുണ്ടിദാനീമിനിക്കുമാഗ്ഗ
ങ്ങളുഷംവെടിഞ്ഞേൻ ൪൪
ധരിക്കനീദേവകിനന്ദനന്മാർ മരിക്കകൊണ്ടത്തൽ
നിനക്കുവേണ്ട ഒരിക്കലുണ്ടേവനുമാത്മനാശംജര
ക്കുമുൻപേമരണംമനോജ്ഞം ൪൫
ജലത്തിലെപ്പോളകളെന്നപോലെ ചലംമനുഷ്യ
ക്കുശരീരബന്ധം കുലംബലംപുത്രകളത്രജാലം ഫലം
വരാമൃത്യുവരുംദശായാം ൪൬
വിധിക്കകൊണ്ടുള്ളൊരുദേഹനാശംവിധിക്കകൊ
ണ്ടെന്നുനിനയ്ക്കൊലാനീ വിധിക്കുതൊന്നുംവിധമി
ന്നുഞങ്ങൾക്കതിക്രമിപ്പാനിഹശക്തിയുണ്ടോ ... ൪൭
ഇത്യാദിസാരങ്ങൾപറഞ്ഞുകംസൻ ഭക്ത്യാവിനീ
താകൃതിവീരവീരൻ പാദത്തെയൊ ശൃംഖലവെപെട്ട
ത്താൻ മോദേനപോയി സ്വഗൃഹെവസിച്ചാൻ ൪൮
ആന്നേരമമ്പാടിയിലിമ്പമോടെ നന്ദാദിഗോപാ
ലകവൃന്ദമെല്ലാം മന്ദേതരംപ്രീതി കലൎന്നുദാരം നന്ദാ
ത്മജാലോകനമന്വഭൂവൻ ൪൯
കാർകൊണ്ടെഴുംമേഘസമാനവർണ്ണം വാർകുന്തളംവ
ണ്ടിനമിണ്ടൽനൽകും ആകർണ്ണലംബംബതകണ്ടനേ
രം ലോകങ്ങളാനന്ദവശങ്ങളായി ... ൫൦
മുഖംശരച്ചന്ദ്രമനോഭിരാമംസുഖംവിശാലാന്തഭുജാ
ന്തരാളം നഖാദിചൂഡാവധിബാലരൂപം സുഖാവ
ലോകംസുതരാംവിളങ്ങി ൫൧
അനംഗതുല്യാകൃതികണ്ടനേരം മനംമറന്നാശു യ
ശോദതാനും സ്തനംകൊടുത്തങ്ങുകരെഗ്രഹീതാജന
ങ്ങൾകാണാനവൾതല്പ്രകാശേ ൫൨
മഹീയമാനോ ഭുവിനന്ദഗോപൻമഹീസുരന്മാൎക്കു
ധനത്തെനൽകി മഹീതലംകാഞ്ചനഗോസഹസ്രം
ബഹുപ്രകാരംവിഭവങ്ങൾനൽകി ... ൫൩
കുളിച്ചുടൻചെയ്തിതുജാതകൎമ്മം ഗളിച്ചഹൎഷാശ്രുജ
ലേനസാകം വിളിച്ചുബന്ധുജനത്തെയെല്ലാംവി
ളിച്ചുകാട്ടിത്തനയാനനാബ്ജം ൫൪

അലങ്കരിച്ചു നിജഗേഹമെല്ലാം കുലാംഗനാസംഘ
പമാം പ്രദേശം അലക്തകം ചന്ദനമിന്ദുചൂൎണ്ണം ഫല
ങ്ങൾ പുഷ്പങ്ങളുമൎപ്പയിച്ചു ൫൫

വിളക്കുവെച്ചു മണിദീപ്തിതോറും വിളക്കമുള്ളാഭര
ണങ്ങൾ തൂക്കി കുങ്കുമപങ്കതോയം തളിച്ചു
രാജാങ്കണവീഥിതോറും ൫൬

അഞ്ചാറുനാളിങ്ങിനെ നന്ദഗോപനഞ്ചാതകണ്ടാത്മ
ഗൃഹെ രമിച്ചാൻ സഞ്ചിന്ത്യ കംസായ കരം കൊടുപ്പാൻ
കിഞ്ചിൽ പുനഃ ചഞ്ചലധീഃ പ്രതസ്ഥെ ... ൫൭

ഗോപൈസ്സമേതോ മധുരാപുരത്തെ പ്രാപിച്ചു കം
സന്നു കൊഴ നൽകി പോരുന്ന നേരം വസുദേവനെ
ക്കണ്ടാശ്രുധാമോദം ചിരമത്ര വാണാൻ ... ൫൮

നിറന്ന സന്തോഷഭരാകുലാത്മാ പറഞ്ഞു വാചം വ
സുദേവനേവം കുറഞ്ഞതില്ലെന്നുടെ പുണ്യപൂരം വിര
ഞ്ഞു നിന്നെ ബത കാണ്കമൂലം ൫൯

എടോ സഖേ വിശ്വപതിക്കു നിങ്കൽ കടാക്ഷമു
ണ്ടായിതു ഭാഗ്യരാശേ പുത്രാനനം കണ്ടു സുഖിച്ചിരിപ്പാ
നത്രാവകാശം തവ ജാതമായി ൬൦

മദീയപുത്രൻ ബത രൗഹിണേയൻ ത്വദീയഗേഹേ
മരുവുന്നതല്ലീ തദീയമാതാവിനു മാതൃജന്നും ത്വദീ
യകാരുണ്യമൊരാശ്രയം കേൾ ൬൧

ശ്രവിക്ക നീ കിഞ്ചന വൎത്തമാനം ചെവിക്കു ശല്യത്തി
നു തുല്യമെല്ലോ കരുണേഴം പൂതനയെന്നു പേരാമൊ
രുത്തി പോൽ ബാലവധം തുടങ്ങി ... ൬൨

ഗമിക്ക നീ സത്വരമാത്മഗേഹേ ക്ഷമിച്ചിരുന്നാകി
ലനൎത്ഥമുണ്ടാം അമിത്രവൃന്ദം മതിരുന്ന കാലം രമിക്കു
മൊകുത്ര ചിദന്തരംഗം ൬൩

ഇത്യാദി സാരം വസുദേവവാക്യം ശ്രുത്വാ ഭയം പൂണ്ടു
ഥ നന്ദഗോപൻ ദുരന്തചിന്താവിവശാന്തരാത്മാ പു
രം പ്രവേശിച്ചിതു വിഷ്ണുഭക്ത്യാ ൬൪

അക്കാലമക്കംസമനസ്സിളക്കി അക്കത്തിലോരോ
സചിവാസുരന്മാർ ഒക്കെ പ്രജാപദ്രവതല്പരന്മാർ ചി

ക്കനുഭ്രമെണവിലസിത്തുടങ്ങി ൧൫
നിരാകുലംബാലകമാരണാർത്ഥം പുരെപുരെ പൂതന
സഞ്ചരിച്ചാൾ സ്സുരന്മനൊജ്ഞാകൃതിപൂണ്ടൊരന്നാൾ
മുരാരിമെവുംഭവനംപ്രവെശ ൧൬
പടുതമെറുന്നവൾവന്നുമൊദാലെടുത്തുഗൊവിന്ദ
നെമന്ദമന്ദം കൊടുത്തുകൊഞ്ചിക്കുചകുംഭമപ്പൊ ളു
ടുത്തുകൂടീബതജീവനാശം ൧൭
തടിച്ചതൽകൊങ്കപിടിച്ചബാലൻ കുടിച്ചുതൽപ്രാ
ണഗണെന്നസാകം ഇടിക്കുതുല്യനരവെണലൊകം
നടുക്കിവീണാളവളുംധരായാം ൧൮
പാറപ്പുറംപൊലെവിശാലമസ്യാമാറത്തുഗൊപാല
കബാലനപ്പൊൾ കാറൊത്തവർണ്ണൻ കരവുംകുടഞ്ഞാ
ങ്ങെറെത്തെളിഞ്ഞാശ്രുകളിച്ചുമെവി ... ൧൯
ഗൊപീജനംദെവിയശൊദതാനും താപെനമൊ
ദെനചവിസ്മയെനഗൊപാലനെചെന്നുകരെധരിച്ചാ
രാപാദചൂഡംതരസാപുണന്നാർ ... ൨൦
കഠൊരമമഹൽപൂതനാഗാത്രഭാരംകുഠാരെണഖണ്ഡി
ച്ചുഗൊപാലകന്മാർ മഹാഗൌദഹിപ്പിച്ചുനിശ്ശെഷ
മപ്പൊൾ മഹാസൌരഭംതത്രസംഭ്രുതമായി ... ൨൧
മഹാപാപശാന്ത്യാമഹാസുന്ദരീനാമഹാനന്ദലൊ
കംപ്രവെശിച്ചവാണാൾ അഹൊപൂതനാമൊക്ഷ
മെവംപഠിച്ചാലഹൊരാത്രമാനന്ദമെകംകരസ്ഥം.. ൨൨

ഇതിശ്രീകൃഷ്ണചരിതെദ്വിതീയസർഗ്ഗഃ

ത്രുതീയസർഗ്ഗം

ഗൊപാലബാലന്റെശരീരമപ്പൊളാപാദചൂഡം
നയനാഭിരാമം ആപൂർണ്ണമൊദംബത കണ്ടുകണ്ടു ഗൊ
പാലരാനന്ദരസെനവാണാർ ൧
ചാടായിവന്നൊശകടാസുരൻതാൻ ചാടാനൊരുമ്പ
ട്ടുമുകുന്ദഗാത്രെ പാടാതെപാദെനഹനിച്ചുബാലൻചാ
ടായിരംഖണ്ഡമതായിവീണു ... ൨

കാൽകൊണ്ടുടൻ ചാട്ടതകൎത്തുമെവും കാൎവ്വൎണ്ണനെ
ചെന്നുകരെഗ്രഹിത്വാ ആകുന്നവണ്ണം തിരുനാമമൊ
തി ശ്ലൊകംവിനാവാണുയശൊദതാനും ... ൩

ക്ഷണംതൃണാവൎത്തമഹാസുരൻതാനണഞ്ഞുചക്രാ
നിലവെഷധാരീ വനംതകൎത്തദ്രിതടംപൊടിച്ചു ക
നക്കെ ഭ്രമിതലംകുലുക്കി ൪

ഭൂരെണുനാവിശ്വമിരുട്ടടപ്പി ച്ചാരാലണഞ്ഞീടിന
ചക്രവാകംനാരായണൻതന്നെവഹിച്ചുമൂഢൻ പാരാ
തെമെൽപ്പൊട്ടുയരുംദശായാം ൫

കണ്ഠെകരംകൊണ്ടു പിടിച്ചുദെവൻ കണ്ഠൊതരം
ഞെക്കിയമൎത്തനെരം പ്രാണൻവെടിഞ്ഞാശുമഹാദ്രി
തുല്യൻ ക്ഷൊണീതലെവീണിതുയാതുധാനൻ ... ൬

ആയാമമുള്ളൊരചലെവിളങ്ങും കായാമ്പുതൻകൊ
രകമെന്നപൊലെ മായാകുമാരൻെറ മനൊജ്ഞരൂപ
മായാതുധാനൊരസിവിഷ്ടമായി ൭

യശൊദതാൻചെന്നുവിഷാദമൊടെ കിശൊരനെ
പ്പാണിതലെഗ്രഹിച്ചാൾ അശെഷനാഥൻഗതിയെ
നചിത്തെ കൃശാംഗിചിന്തിച്ചുസുഖിച്ചിരുന്നാൾ ൮

അത്രാന്തരെഗൎഗ്ഗമഹാമുനീന്ദ്രൻ തത്രാഗമിച്ചു വ
സുദെവവാചാ ശ്രീരാമനെന്നുംബത കൃഷ്ണനെന്നും
പെരിട്ടുതാലൊകനമച്യുതന്നും ൯

ആമ്പാടിതന്നിൽകിലബാലകന്മാ രൻപൊട്ടമന്നും
വളരുംദശായാം സമ്പന്നമൊദംഭുവനെഭവിച്ചു സം
പത്തനെകംഭുവിസംഭരിച്ചു ൧൦

പാരിൽപരീതാപവുമെങ്ങുമില്ലാ ദാരിദ്ര്യദുഃഖങ്ങളു
മസ്തമിച്ചു ചൊരങ്കൽനിന്നുള്ളഭയംശമിച്ചു ചാരിത്ര
ഭംഗംസതിമാൎക്കുമില്ല ൧൧

വളൎന്നിതമ്പാടിയിലൎഭകന്മാർ വളൎന്നുമൊദംദിവി
ദെവകൾക്കും കിളൎന്നുവൈരംഹൃദികംസനെററം ത
ളൎന്നുതൻപൌരുഷവുംക്രമത്താൽ ... ൧൨

വരുന്നഗൊപാലനിതംബിനീനാം കരംപകൎന്നാ
ശ്രുവിളങ്ങികൃഷ്ണൻ വിരിഞ്ഞപുഷ്പങ്ങളിലങ്ങുമിങ്ങും

വിരഞ്ഞുമണ്ടുന്നൊരുവണ്ടുപൊലെ ... ൪൩

കാന്തിപ്രകാശെനകുമാരകന്മാർ നീന്തിത്തുടങ്ങീധ
രണീതലാന്തെ ചിന്തിക്കിലൂഴീലവരീശ്വരന്മാ രെന്തെ
ങ്കിലുംചെയ്യിൽമനൊഭിരാമം ... ൪൪

നീലാളിവൎണ്ണൻഭഗവാൻമുകുന്ദൻ താലാംകനശ്ച
സ്ഫുടികപ്രകാശൻ കാളിന്ദിയുംഗംഗയുമെകഭാഗെ മെ
ളിച്ചകാന്തിപ്രസരംകലൎന്നു ... ൪൫

പാണിദ്വയംജാനുയുഗഞ്ചമെല്ലെ ക്ഷോണീതലെ
വെച്ചഥസഞ്ചരിച്ചാർ കാണുന്നവൎക്കെത്രമനൊഭിരാ
മം ചെണാൎന്നമന്ദസ്മിതചാരുഭാവം ... ൪൬

പിടിച്ചുമെല്ലന്നഥപിച്ചനിന്നാർ പടുത്വമില്ലാ
ഞ്ഞുമറിഞ്ഞുവീണാർ നടന്നുനാലഞ്ചടിമന്ദമന്ദം കിട
ന്നുതങ്ങൊരൊവനീവിഭാഗെ ... ൪൭

ചിലമ്പുമക്കാഞ്ചനകാഞ്ചിയൊടും ചിലമ്പുതൻമഞ്ജു
ളനാദമൊടും ചലല്പദംപൈതലലാലസന്മാ രലംകരി
ച്ചാരഥഗൊപവാടം ... ൪൮

കുമാരകന്മാരഥമണ്ടിമണ്ടി ക്രമെണസഞ്ചാരവി
ധംതുടൎന്നാർ സമന്തതൊഗൊപഗൃഹങ്ങളെല്ലാ മമന്ദ
മാസാദ്യരമിച്ചുവാണാർ ... ൪൯

ഓടീടിനാരങ്കണവീഥിതൊറും ചാടീടിനാരഞ്ചിത
ചാരുഹാസം പാടീടിനാരത്ഭുതനാദമപ്പൊ ളാടീടിനാ
ർനാടകമീശ്വരന്മാർ ... ൫൦

കാൎവ്വൎണ്ണനക്കാലമതിപ്രലൊഭാൽ പാൽവെണ്ണവ
ഞ്ചിപ്പതിനുംതുടൎന്നാൻ ദൈവാദിനാഥന്റെവിലാസ
മെല്ലാ മീവണ്ണമെന്നെവനുനിൎണ്ണയിക്കാം ... ൫൧

പങ്ങാതിമാരൊടൊരുമിച്ചുമന്ദം മങ്ങാതവണ്ണംമ
ധുസൂദനൻതാൻ നാലഞ്ചുഗെഹങ്ങളിൽനിന്നശെ
ഷം പാലുംകവൎന്നാശുഭുജിച്ചുപൊന്നാൻ ... ൫൨

കുളിപ്പതിന്നംഗനമാർഗമിച്ചാ ലൊളിച്ചുഗൊവി
ന്ദനകത്തുചെല്ലും കളിച്ചുപാലൊട്ടുകുടിച്ചശെഷം ത
ളിച്ചുഭൂമൌതരസാതിരിക്കും ... ൫൩

എത്താഞ്ഞുശിക്യങ്ങളിലുള്ളകുംഭം കുത്തിത്തുളക്കും

കടക്കൊളിനാലെ ഉത്താളധാരാളമതായദുഗ്ദ്ധം മുഗ്ദ്ധാ
നനംകൊണ്ടുപരിഗ്രഹിക്കും ... ൨൪

പെട്ടന്നുബാലൻനവനീതമെല്ലാം കട്ടങ്ങുമൃഷ്ടാശ
നമാചരിക്കും ഒട്ടൊട്ടുമാൎജ്ജാരകനുംകൊടുക്കും ചട്ടങ്ങ
ളീവണ്ണമവൻതുടങ്ങി ൨൫

ചാടിപ്പിടിച്ചാനറിവാസുദെവൻ വാടാതപോലും
ദധിയുംകുടിച്ചാൻ ചെടിജനംചെന്നണയുന്നനെരം
പെടിച്ചുമണ്ടിപ്പുരിവുക്കൊളിക്കും ... ൨൬

വിശെഷകനാഥന്റെവിനൊദമാകും ദുശ്ശീലമെ
വംസഹിയാഞ്ഞൊരുനാൾ ഗൊപീജനംചെന്നുയ
ശൊദയൊടെ കൊപെനതാപെനചവാചമൂചെ ൨൭

അത്യന്തകഷ്ടംപ്രജനായികെനിൻ പുത്രന്റെദുശ്ശീ
ലമഹൊമഴത്തു സത്യംപൊറുപ്പാനെളുതല്ലഞങ്ങൾ
ക്കുൾത്താപമെത്തുന്നുദിനങ്ങൾതൊറും ... ൨൮

തായാട്ടുകാട്ടുന്നശിശുക്കളെത്താൻ താഡിച്ചുശി
ക്ഷിച്ചുവളൎക്കവെണം നീയെന്നിയെശീലമടക്കിവെ
പ്പാ നീയാളുകൾക്കിന്നൊരുശാസ്യമാമൊ . . ൨൯

കെളിക്കചെരുംപടിനിങ്ങളെല്ലാം ലാളിക്കകൊണ്ടി
ത്തരംകെട്ടുന്ന കെളിക്കുമെലിൽക്കുറവുംഭവിക്കും കെ
ളിക്കഥാവൃത്തമശെഷമിപ്പൊൾ ... ൩൦

നിരന്തരംഗൊരസചൊരണത്തിന്നൊരുമ്പെടുന്നൃ
തവനന്ദനൻകെൾ ഒരിക്കലുംതൃപ്തിയുമില്ലചൊല്ലാം
ധരിക്കനീവല്ലവിയല്ലലെല്ലാം ... ൩൧

മഠങ്ങളിൽപുക്കുമഹാസമൎത്ഥൻ ഘടങ്ങളുംദൃതകളും
തകൎത്തും അടക്കമില്ലാത്തവനങ്ങുമിങ്ങും നടക്കുമെന്ന
ല്ലമുടിക്കുമെല്ലാം ൩൨

കൊടുത്തതൊന്നുംമതിയല്ലബാല ന്നെടുത്തപാത്ര
ങ്ങളുമങ്ങുടക്കും കടുത്തദുൎവൃത്തികൾകാട്ടുവാനും പടു
ത്വമിക്കൃഷ്ണനുപാരമെല്ലൊ ... ൩൩

ക്ഷീരംഘൃതംതക്രവുമിക്കുമാരൻ പാരംകൊതിച്ചി
ങ്ങുവരുംദശായാം പാരാതെനൽകുന്നിതുഞങ്ങളെല്ലാം
പൊരാഞ്ഞുമൊഷ്ടിച്ചുമിവൻഭുജിക്കും ... ൩൪

ഉണ്ണിക്കവെണ്ടുന്നതുനൽകുവാനും ദണ്ഡിക്കുമാറി
ല്ലിഹഗൊപിമാരും ദണ്ഡിച്ചുകിട്ടുന്നൊരുപാത്രമെ
ല്ലാം ഖണ്ഡിച്ചുപൊകുന്നതുസംകടംകെൾ ... ൩൫

ക്ഷീരാദികംവിററുദിനംകഴിക്കും നാരീജനങ്ങൾക്കു
മനസ്സുമുട്ടി ദാരിദ്ര്യമെന്നുള്ളതറിഞ്ഞുവക്കെ പാരിൽ
പ്പരക്ലേശവിവെകമുള്ളു ... ൩൬

മൺപാത്രമെന്നപ്പനമുക്കഭാവം പൊൻപാത്രമി
പ്പൊളുടയുന്നതെല്ലാം സംപൽക്ഷയസംകടമെന്ന
ൊൎത്താൽ സംപൂൎണ്ണനുംനിൎദ്ധനനുംസമാനം ൩൭

കിണ്ണങ്ങളുംകിണ്ടികളുംകുമാരൻ ഖണ്ഡിച്ചുമണ്ണി
ൽകളയുന്നിതയ്യൊ കണ്ണന്റെകണ്ണിൽപെതകണ്ടതെ
ല്ലാം കാണാതെയാംതൽക്ഷണമെന്തുചെയ്യാം ൩൮

ഗവ്യങ്ങളല്ലാതിഹവല്ലവീനാം ദ്രവ്യങ്ങളില്ലന്നുജ
ഗൽപ്രസിദ്ധം നിത്യപ്രയത്നെനലഭിച്ചവിത്തം നി
ത്യംനശിച്ചാൽപുനരെന്തുകൃത്യം ... ൩൯

രാജത്വമുള്ളോരുകുമാരകന്മാർ വ്യാജംതുടൎന്നാൽവയ
മെന്തുചെയ്യാം രാജീവനെത്രെതവദുൎയ്യശസ്സു ആജീ
വനാന്തംവരുമെവമായാൽ ... ൪൦

അപ്പൊൾപറഞ്ഞാളൊരുഗൊപനാരി തൽപുത്ര
നാമുണ്ണിമഹാകുശീലൻ മൽപത്തനെവന്നുകടന്നൊ
രുന്നാളുല്പെതരംചെയ്യൊരുകൈതവംകെൾ ൪൧

അച്ഛൻമഹാവൃദ്ധനവൎക്കുവെണ്ടി കാച്ച്യങ്ങുവെ
ച്ചനിരുനാഴിദുഗ്ദ്ധം കണ്ണൻതദാവന്നുകുടിച്ചുശെഷം
കിണ്ണത്തിലംഭസ്സുനിറച്ചുപൊയാൻ .. ൪൨

അന്തിക്കിരിട്ടത്തുചെന്നശെഷം മൊന്തികുടിച്ചൊ
ന്നുചൊടിച്ചുതാതൻ ദുഷ്ടത്തിനീയെന്നുപറഞ്ഞുകി
ണ്ണം പൊട്ടിച്ചെറിഞ്ഞാരവരെന്റെനെരെ ൪൩

അന്നെരമിബ്ബാലകനങ്ങുവന്നാൻ നന്നായ്ച്ചിരി
ച്ചെന്നെവിളിച്ചുചൊന്നാൻ ഇന്നാളെടൊപാലൃത
രാസ്യമൂലം നിന്നെച്ചതിച്ചെനിതികിംകരൊമി ൪൪

അനന്തരംമറെറാരുഗൊപിചൊന്നാ ളിനിക്കവന്ന
ല്ലലിതിൽപരംകെൾ കനക്കവെസസ്യാമയങ്ങുമപ്പൊ

ളനക്കമെന്ന്യെമമവിട്ടുപൊക്കാൻ … ൪൫
കറന്നകത്താക്കിനഗൊക്കളെപ്പൊ യ്യറന്നുവിട്ടാ
നിവനന്തിനെരം ഒളിച്ചുമെല്ലെന്നുനടന്നവറെറത്ത
ളിച്ചുപാടങ്ങളിലങ്ങിറക്കി … ൪൬
കരുത്തുനില്ക്കുന്നൊരുനെല്ലുതിററി പ്പുളുക്കവെബാ
ലകനങ്ങുപൊയാൻ പശുക്കറെപ്പാൻപുലകാലനെരം
വിശുദ്ധയാംഞാനിഹചെന്നനെരം … ൪൭
പ്രാന്നങ്ങളാകുംപശുവൃന്ദമൊന്നും കാണാഞ്ഞുഴന്ന
ങ്ങിനെനിന്നുഞാനും കാണായിതന്നെരമുടൻവരു
ന്നു കാൎവ്വൎണ്ണനാമുണ്ണിയുമിംപമൊടെ … ൪൮
പാടത്തുനിൽക്കുന്നപശുക്കളെല്ലാം കൂടെക്കളിക്കു
ന്നുപശുക്കിടാക്കൾ മൂഢെകറന്നീടുകനീയുമിത്ഥം പ്രൌ
ഢംപറഞ്ഞാശുഗമിച്ചുബാലൻ … ൪൯
പറഞ്ഞിതന്നെരമൊരുത്തിബലാൽ പറഞ്ഞുകൂടാമ
മകന്മദൊഷം നിറഞ്ഞദുശ്ശീലമഹൊനിനച്ചാലറിഞ്ഞു
കൂടാകപടംയശൊദെ … ൫൦
ഘടങ്ങളിൽപാലുനിറച്ചൊരുന്നാളെടുത്തടുപ്പത്തു
കരെററിഞാനും അടുക്കളക്കുള്ളിലടുത്തുവന്നിമ്മിടുക്ക
നാമുണ്ണിയുമങ്ങിരുന്നാൻ … ൫൧
പിരിഞ്ഞുഞാനപ്പൊഴതിന്ധനത്തെത്തിരഞ്ഞുപൊ
യൊരുദശാന്തരാളെ ഘടങ്ങളെല്ലാംകടകൊലെടുത്ത
ങ്ങുടച്ചുവെഗെനഗമിച്ചുബാലൻ … ൫൨
വല്ലാത്തബാലപ്രഭവത്തിനെക്കാളില്ലാത്തബാ
ലപ്രഭവംസുഖംപൊൽ ഉല്ലാസമെന്നുള്ളതുമിജ്ജന
ങ്ങൾക്കില്ലാതയായ്വന്നിതുദൈവദൊഷാൽ .. ൫൩
ക്ഷമിക്കയൊമററൊരുദിക്കുനൊക്കി ഗ്ഗമിക്കയൊ
വെണ്ടതുഞങ്ങളെല്ലാം ശമിക്കുമൊദുഃഖമിതിന്നുകൂടെ
ശ്രമിക്കുമൊനീവദപുണ്യശീലെ … ൫൪
ഇത്യാദിഗൊപീജനവാക്യമെല്ലാ മത്യാദരാൽകെട്ടു
യശൊദതാനും ചിത്തെസുതസ്നെഹവശെനമന്ദം മ
ത്തെഭസഞ്ചാരിണികിഞ്ചിദൂചെ … ൫൫
എന്നുണ്ണിതൻചാപലമിന്നുകെട്ടാലെന്നുള്ളിലുംകു

ണ്ടിതമുണ്ടിദാനീം എന്നാകിലുംതജ്ജനമാശു ചെയ്യാനെന്നാലസാദ്ധ്യംവല്ലഗൊപിമാരെ ... ൪൬

വാത്സല്യമെന്നുള്ളിലുമത്യുദാരം മാത്സൎയ്യമാരുംതുടരായ്യവെണം ചെതങ്ങളൊരൊന്നുവരുന്നനെരം വെദങ്ങളുണ്ടാമതുകുററമല്ല ൪൭

തണ്ണീരുമാശെഷകരംതരുന്നെൻ പൊൻപാത്രമൻപൊടധരത്നപാത്രം സംപത്തനെകംബത സംഭരിപ്പിൻ സംപൂൎണ്ണമൊദെനഗമിച്ചുകൊൾവിൻ ... ൪൮

ഇത്ഥംപറഞ്ഞാദരപൂൎവ്വമപ്പൊ ഉത്തംകൊടുത്താശുവെഹ്രപ്രകാരം ചിത്തംകുളുൎപ്പിച്ചഥഗൊപിമാരെപ്രത്യെകമെവംപുനരങ്ങയച്ചാൾ ൪൯

കണ്ണൻതദാമണ്ണുഭുജിച്ചപൊലും ദന്തംപിടിച്ചിട്ടുമിവന്നുനൂനം എന്നിങ്ങിനെകെട്ടുയശൊദയെഗാൽ വന്നിടിനാളുൻപൊട്ടുകൊപമൊടെ ... ൫൦

കഷ്ടംകുമാരാതവവായിലുന്നു കാട്ടെന്നമെന്നമ്മപറഞ്ഞനെരം ഒട്ടുംമടിക്കാതെവിളുന്നുവക്ത്രംകാട്ടിടിനാൻകൈതവമത്ത്യമൂൎത്തി ൫൧

മാതാവുനൊക്കുന്നദശാന്തരാളെ പാതാളഭൂലൊകസുരെശലൊകം ഭൂതങ്ങളുംപ്രെതപിശാചകളി വെതാളജാലങ്ങളുമത്രകണ്ടാൾ ൫൨

കാടുംമഹാശൈലകുലങ്ങളെഴും നാടുംനദിപാളിസമുദ്രമെഴും ആടുംഫണിശ്രെണിമനുഷ്യജാലം ചാടുംമൃഗവ്രാതവുമത്രകണ്ടാൾ ൫൩

പാലാഴിതന്നിൽ ഫണിരാജതല്പെ ലീലാസുഖംപൂണ്ടഥപള്ളികൊള്ളും നീലാംബുദശ്യാമള വിഷ്ണുരൂപം നാലാനനാദീനപിതത്രകണ്ടാൾ ... ൫൪

രക്ഷാഗണംപക്ഷിതരക്ഷുജാലം വൃക്ഷങ്ങളും പക്ഷികൾകുക്ഷിജാലംനക്ഷത്രമക്ഷത്രവിപക്ഷപക്ഷപക്ഷങ്ങളുംതൽക്ഷണമത്രകണ്ടാൾ ... ൫൫

ഗൊപാലകന്മാരഥ ഗൊപിമാരും ഗൊപാലകശ്രെണിയുമെന്നുവെണ്ടാ ഗൊവൃന്ദവുംമണ്ണുഭുജിച്ചമെവും ഗൊവിന്ദനെത്തന്നെയുമത്രകണ്ടാൾ ... ൫൬

ഇത്യാദിസൎവ്വംബത കണ്ടനേരം ചിത്തേഭയംപൂ
ണ്ടഥനന്ദപത്നീ നേത്രങ്ങൾചിമ്മി ത്തരസാമിഴിച്ചാ
ളുത്ഭ്രാന്തരെകന്ദത്തുമില്ലിതൊന്നും ൩൭
സ്തനംകൊടുത്താശ്രുപൂൎണ്ണാനുരാഗം ധന്യാംഗനാ
മൌലിയശോദതാനും തന്നുണ്ണിയെന്നുള്ളമമതാമൊ
ഹാലന്യപ്രകാരങ്ങൾമറന്നിതന്നാൾ ... ൩൮
സംപന്നലീലം മധിമന്ഥകാലെ കുംഭംതകൎത്താനഥ
വാസുദേവൻ ഗംഭീരകോപേനപിടിച്ചുകെട്ടാനൻ
പോടണഞ്ഞാളുടനമ്മതാനും ൩൯
കൊണ്ടങ്ങുചെന്നീടിനപാശമെല്ലാം രണ്ടംഗുലം
ന്യൂനമതുന്നമായി കണ്ടാലറിഞ്ഞീടുകയില്ലമൊഹം കൊ
ണ്ടാശുകുണ്ഠാശയയായശോദാ ... ൪൦
ആയാസമമ്മക്കുതതെന്നുബുദ്ധ്യാ മായാമയൻതാ
നനുവാദമേകി സന്ധിച്ചിതപ്പോളുരലൊടുകൂടി ബ്ബ
ന്ധിച്ചമാതാവുമുടൻനടന്നാൾ ൪൧
ദാമത്തിനാലുള്ളൊരുബന്ധമൂലം ദാമോദരൊനാ
മവാപകൃഷ്ണൻ രാമാനുജൻതാനുരലുംവലിച്ചങ്ങാ
മോദശാലീനടകൊണ്ടുമന്ദം ൪൨
രണ്ടായിനില്ക്കുംകകുഭദ്രുമത്തെ കണ്ടാനുപാന്തെ
കമലായതാക്ഷൻ തദന്തരാളത്തിലുലൂഖലത്തെ ത്ത
ദാവലിച്ചിട്ടുവലംതിരിഞ്ഞാൻ ൪൩
മുറിഞ്ഞുവൃക്ഷങ്ങൾപതിച്ചനേരം മറിഞ്ഞുദിവ്യാകൃ
തിരണ്ടുപേരും അറിഞ്ഞുഗോവിന്ദചരിത്രമെല്ലാം പ
റഞ്ഞുയക്ഷേശ്വരനന്ദനന്മാർ ൪൪
ധരിക്കകൃഷ്ണാനളകൂബരൻഞാൻ പരൻമണിഗ്രീ
വനിവന്മഹാത്മൻ ധനാധിനാഥൻെറ കുമാരകന്മാ
രനാരതംപണ്ടുസുഖിച്ചവാണോർ ... ൪൫
പണ്ടങ്ങൊരുന്നാളതിമദ്യപാനം കൊണ്ടന്ധരാം
ഞങ്ങളനംഗതാപാൽ ഗംഗാതടെകാമിനിമാരുമായി
സ്സംഗീതശൃംഗാരരസംതുടങ്ങി ൪൬
വിവസ്ത്രഭാവേനരമിക്കുമപ്പോൾ പ്രവിഷ്ടനായി
മുനിനാരദൻതാൻഗുരുപ്രകോപെനശപിച്ചുവേഗാ

ൽ തരുക്കളാസ്സുന്നിതുതൽപ്രഭാവാൽ ... ൭
തന്നാൽപുനരമ്മാമുനിശാപമൊക്ഷംനന്ദാത്മജൻവ
ന്നതൊട്ടുന്നകാലം നന്നാസ്സുരുംതിരുമനൽത്ഥമെല്ലാ മെ
ന്നുള്ളതൽഭാരതീസത്യമായി ൮
നിരാമയൻനീനിഖിലെശ്വരൻനീ നിരഞ്ജനൻ
നീനിരുപാധികൻനീ നിരാദികൻനീ നിരുപപ്ലവ
ൻനീ നിരാന്തകൻനീഭഗവൻനമസ്തെ ... ൯
ഇത്ഥംവണങ്ങിസ്തുതിചെയ്തുദാരംവിണ്ണെശജന്മാ
തുടനെമറഞ്ഞാർ ഇത്തരമെല്ലാമറിയുംനരാണാം ചി
ത്തപ്രസാദംഫലമത്യുദാരം ... .. ൰
പൊട്ടിച്ചീടുന്നവൃക്ഷധ്വനിചടചടിതംകെട്ടുഞെട്ടി
പ്പുറപ്പെട്ടൊട്ടെടംവന്നുനന്ദാദികളുവശതയാ നിന്നു
നൊക്കുംദശായാം പുഷ്ടശ്രീകെളിരംഗസ്ഥലതനുവുട
യൊനഷ്ടലൊകാധിപന്മാ ക്ലിഷ്ടംനൾകുന്നമായാ ന
രന്മരല്പമിഴച്ചെത്തിനാനത്തലൊടെ ... ൰൧
ബന്ധക്ലെശമൊഴിക്കമെച്ചതനുടെബന്ധംമുദാവെ
ച്ചെട്ടത്താൻസ്വന്തരാഗനായജനകൻ ബാലംപുണ
ൎന്നീടിനാൻ ബന്ധുപ്രീതികലൎന്നു വന്നവപശുപന്മാ
രൊടുകൂടിസ്സുഖംസന്തൊഷിച്ചുരമിച്ചുസജ്ജനസഭാമ
ദ്ധ്യെവസിച്ചീടിനാൻ .. . ൰൨

ഇതീശ്രീകൃഷ്ണചരിതെതൃതീയസൎഗ്ഗഃ

ചതുൎത്ഥസൎഗ്ഗം

തദനന്തരമത്രഗൊഷ്ഠദെശെ പദമെന്നുള്ളതുസൌ
ഖ്യമല്ലമെലിൽ അശുഭങ്ങളനെകമുണ്ടുകാണ്മൊ നിതി
ചിന്തിച്ചുതുടങ്ങിനന്ദഗൊപൻ ൧
ഉപനന്ദനതായഗൊപനപ്പൊളുപഗമ്യെദമുവാച
നന്ദനൊട ശുഭമായൊരുദെശമുണ്ടുപൊലും സുഭഗം
തത്രനമുക്കുവാസയൊഗ്യം ൨
നനുനല്ലൊരുഭാഗമുണ്ടുവൃന്ദാവനമെന്നിങ്ങിനെമം
ഗലസ്ഥലംപൊൽഫലനമാൎഗ്ഗമതിക്രമിച്ചഗൊവൎദ്ധന

ശൈലംപുനരെത്രയുംമനോജ്ഞം ൩

യമുനാപുളിനംമനോഭിരാമം രമണീയംകിലസന്ത
തംവസിപ്പാൻമമപക്ഷമിനിഗ്ഗമിക്കനല്ലൊ സമമെല്ലാ
വരുമിത്ഥമങ്ങുരച്ചാർ ൪

അതുനേരമശേഷവല്ലവന്മാരതിമോദേനതുനിഞ്ഞു
കോപ്പുകൂട്ടി ശകടങ്ങൾകരേറിമോദമോടെ വികടാ
ഘോഷമിയന്നുയാത്രയായി ൫

പശുപാലകബാലവൃദ്ധരെല്ലാം പശുവൃന്ദങ്ങളുമം
ബുജാക്ഷിമാരും കൃശഗാത്രിയശോദനന്ദഗോപൻട്ട
ശമെല്ലാവരുമൊത്തുതത്രചെന്നാർ ൬

യമുനാതടകാനനേമനോജ്ഞേ ഭവനംതീർത്തുവസി
ച്ചുവല്ലവന്മാർ അവനീതലമെങ്ങുമിത്രനന്നല്ലധിവാ
സോചിതമെന്നവക്കുരച്ചു ൭

ഒരുനാളുധരാമകേശവന്മാരൊരുകൂട്ടംപശുപാലബാ
ലരോടെ തരസാപശുബാലപാലനാൎത്ഥം പരിതോ
ഷേണഗമിച്ചുകാനനാന്തേ ൮

കരസീമനികങ്കണങ്ങൾചേൎത്ത ങ്ങായിൎക്കിങ്ങി
ണിയുംനിറച്ചുചാൎത്തി പുരികുന്തുപ്പീലി കൊത്തുകെ
ട്ടി പ്പുരിചൊടങ്ങെഴനെള്ളിഗോപബാലൻ ... ൯

തളയുംവളയുംകലുക്കിമെല്ലെ കളവേണുസ്സ്വനവും
മുഴക്കിമന്ദം കളിപുഞ്ചിരികൺവിലാസമോടെ കള
ഗോപാലകബാലകൻനടന്നാൻ ൧൦

സ്ഫടികത്തിനുതുല്യമാംശരീരം ചടുലംനീലദുകൂലവും
ധരിച്ചു പടുഭാവമിയന്നുമന്ദമന്ദം നടകൊണ്ടോനഘ
രോഹിണീതനൂജൻ ൧൧

തരമായവയസ്യരൊടുകൂടി തരുമൂലങ്ങളിൽനിന്നു
കേളിയാടി തരുണാൎക്കസമപ്രകാശകന്മാർ തരസാ
ഗോക്കളെമേച്ചുസഞ്ചരിച്ചാർ ൧൨

യമുനാജലപാനമാശുതൃഡാഗമനായാസശമംവരു
ത്തിനിത്യം കമനീയമതായ കാനനാന്തേ കമലാജാ
നികളിക്കുമെദ്ദശായാം ൧൩

ശിശുവാകിനകൃഷ്ണനെച്ചതിപ്പാൻ പശുവത്സാകൃ

തിപൂണ്ടുകംസഭൃതൻ അസുരാധമനാശു തത്രചെന്നാ
നസുനാശത്തിനടുക്കയാലൊരുന്നാൾ ... ൧൪

കരുണാകരനങ്ങറിഞ്ഞുവെഗാൽ ചരണംരണ്ടുമു
ടൻകരെ ഗൃഹീതപാതരുതന്നിലടിച്ചു നിഗ്രഹിച്ചാൻ
തരസാദാനവനെത്രിലൊകനാഥൻ ... ൧൫

ദിവിദെവകൾപുഷ്പവൃഷ്ടിചെയ്തുഭുവനാധീശനിലു
ള്ളഭക്തിയൊടെ നവസുന്ദരനിന്ദിരാമണാളൻ ഭവ
നംപ്രാപ്യഭുജിച്ചുസുഖനായി ൧൬

ദിനനായകനങ്ങുദിച്ചനെരം പുനരുത്ഥായകുളിച്ചു
വാസുദെവൻനനുഭക്ഷണവുംകഴിച്ചമൊദാലപനയാ
നത്തിനുകൊപ്പുകൂട്ടിനിന്നാൻ ... ൧൭

പരിചൊടുയശൊദതാൻവിളിച്ചങ്ങരികെചെത്തു
പുണ്ണന്മന്ദമന്ദം പുരികുന്തലഴിച്ചുഭംഗിയൊടെ ത
രസാകെട്ടിമുഖാംബുജംമിനുക്കി ൧൮

വലയങ്ങളണിഞ്ഞുപാണിയുഗ്മെ പുലിയൻമൊതി
രവുംഗളാന്തരാളെ മണികിങ്ങിണികാഞ്ചിയുംനിതം
ബെ മണമെറുംകുസുമഞ്ചകെശപാശെ ... ൧൯

ചരണെമണിനൂപുരംധരിപ്പിച്ചരവിന്ദാക്ഷനെയ
ങ്ങുയാത്രയാക്കി മുസലായുധവെഷവുംതഥൈവ പ്ര
സഭംചെയ്തിതുചിത്തകൌതുകെന ... ൨൦

നനുപാണിതലെവഹിച്ചുശൃംഗംപുനരൊടക്കുഴലും
വളഞ്ഞകൊമ്പും പശുപാലകബാലരൊടുകൂടി ശ്രീശു
ധെനുക്കളെയുംതെളിച്ചുകൃഷ്ണൻ ... ൨൧

അടവിതടവീഥിയിൽകളിപ്പാൻ നടകൊണ്ടാനു
ടനഗ്രജെനസാകം അടിയാകിന പംകജെവിളങ്ങും
പൊടികൊണ്ടാശുവനംവിശുദ്ധമാക്കി ... ൨൨

മധുസൂദനപാദരെണുസംഗാ ലധികംശൊഭിതമാ
യികാനനാന്തം മധുമാരിപൊഴിഞ്ഞുപുഷ്പജാലെ മ
ധുപാളിമധുപാനവുംതുടങ്ങി ൨൩

മയിലുംകുയിലുംമദംതുടങ്ങീ മുയലുംമാനുകളുംകളി
ച്ചുമെവീ മലയുംനിലയുംമരങ്ങൾപുല്ലും കലയുംപന്നി
യുമെററമുല്ലസിച്ചു ൨൪

ഹരിയുംകരിയുംവെടിഞ്ഞുവൈരം നരിയുംപന്നി
യുമൊന്നുപോലെയായി ഉരഗംബത കിരിയും നിര
ന്നു നരകാരാതിവനെവസിച്ചകാലം ... ൩൬

ബകരൂപമുടൻധരിച്ചൊത്തൊ നകതാരിൽകപടെന
കൊപിദൈത്യൻ നഖവുംമുഖവുംതുറിച്ചകണ്ണും നിഖി
ലംഭീതികരംഗിരിപ്രമാണം ൩൭

ഗുഹപോലെപിളൎന്നകൊക്കിനുള്ളിൽ സഹസാപ
ന്നമുകുന്ദനെഗ്രഹിച്ചാൻ ദഹനന്നുസമാനമാം തദം
ഗം വഹിയാഞ്ഞതിനന്നുസന്ത്യജിച്ചാൻ . ൩൮

പുനരൻപൊടു കൊത്തുവാനടുക്കും ദനുജൻതന്നു
ടെകൊക്കുകൈക്കലാക്കി കുടിലാസുരനെകുശേശയാ
ക്ഷൻ നടുവെകീറിയെറിഞ്ഞുരണ്ടുഭാഗെ ... ൩൯

ബകവൈരിയുടെശിരസ്സിലപ്പോൾ വികചംകല്പ
കവൃക്ഷപുഷ്പജാലം സുഖമൊടുചൊരിഞ്ഞു വാനവ
ന്മാരഖിലംപ്രീതികലൎന്നുജീവലോകം ... ൪൦

നിജമാകിനമന്ദിരെനിശായാം സുജനത്തൊടൊ
രുമിച്ചുറങ്ങിബാലൻനിജവെസുജനാനന്ദിതൻപ്രഭാ
തെ നിജകൃത്യത്തിനുകാനനംപ്രവെശെ ... ൪൧

പൊതിചോറുമെടുത്തുകൂട്ടുവാന ങ്ങതിനുള്ളൊരുപ
ദംശവുംവഹിച്ചു മതിമോദമശെഷവല്ലവന്മാർമിതി
ജാരിക്കുസഹായമായ്നടന്നാർ ൪൨

ഉരഗാകൃതിയാമഘാസുരൻതാനൊരുഭാഗെവദനം
പിളൎന്നുനിന്നാൻഗുഹയെന്നുനിനച്ചുഗോപവൃന്ദംസ
ഹസാതന്മുഖകന്ദരെകടന്നു ൪൩

വിഷപാവകശക്തികൊണ്ടനെകംവിഷമാവസ്ഥ
പിണഞ്ഞുഴന്നനെരംവിഷയാൎണ്ണവകൎണ്ണധാരനാകും
വിഷ്ണുനാശനകെതുവുംകടന്നാൻ ... ൪൪

മുഖമാശുമുറുക്കിനാൻപെരുംപാമ്പഖിലെശന്റെ
വിനാശനംവരുത്താൻമുരവൈരിതദാവളൎന്നുകണ്ഠം
വിരവൊടങ്ങുപിളൎന്നുനിഗ്രഹിച്ചാൻ ... ൪൫

അതുനെരമഘാസുരന്റെദെഹാദതിയായിട്ടൊരു
കാന്തിസംഭവിച്ചു അതുചെന്നുമുകുന്ദനൊടുചെൎന്നു

ളുകംകണ്ടുവണങ്ങിവാനവന്മാർ ... ൩൫

കബളങ്ങളെടുത്തുഭക്തിചെയ്യാനബലാലാളനലോലനായബാലൻ പ്രബലംമുരവൈരിതൻവിലാസം സകലംകണ്ടജനൊന്നുവിസ്മയിച്ചാൻ ... ൩൬

അഥവത്സകുലംമറച്ചുപിന്നെപ്രഥിതംഗോപകുലത്തെയുംമറച്ചാൻ പരമെഷ്ടിപരീക്ഷണാൎത്ഥമായിപ്പരമാത്മാവിനെവഞ്ചനെനവെൽവാൻ ... ൩൭

ഹരിതാനഥഗോപഗോസമൂഹം തരസാനിൎമ്മിതമാക്കിനിൎവ്വിവാദം ഒരുവത്സരമങ്ങതിക്രമിച്ചുവിരവിൽത്തത്രവിരിഞ്ചനാവിരാസീൽ ൩൮

നനുപൂൎവ്വപദാൎത്ഥവുംവിശെഷാൽ പുനരുണ്ടായപദാൎത്ഥവുംതദാനീം അറിവാനരുതാഞ്ഞുഴന്നു നിന്നാൻ മറിമായത്തിനുമൂലമാംവിരിഞ്ചൻ ... ൩൯

പുതുഗൊകുലഗൊപജാലമെല്ലാ മതുനെരംബതവിഷ്ണുരൂപമായി കടകംമകുടംകിരീടഹാരം കടിസൂത്രംവനമാലപീതചെലം ൪൦

മകരാകൃതികുണ്ഡലംമനൊജ്ഞം മഹിതംകൌസ്തുഭവത്സചിഹ്നം അരിശംഖഗദാസരൊജമിത്ഥം വിലസുംനാലുഭുജങ്ങളുംവിളങ്ങി ൪൧

അതിലൊന്നുനിജസ്വരൂപമാക്കി സ്തുതിചെയ്യാനഥദെവകീതനൂജൻ അതുകണ്ടുവിരഞ്ഞുനിന്നനെകം സ്തുതിചെയ്യാനതിഭക്തനാംവിരിഞ്ചൻ ... ൪൨

അചരങ്ങൾചരങ്ങളായതുംനീയചലബ്രഹ്മവികാസമായതുംനീ കച്ചിദസ്ഥൂലരൂപനായതുംനീ കച്ചനസ്ഥൂലരൂപനായതുംനീ ൪൩

പശുപക്ഷിമൃഗാദിജാതിഭെദം വശമാക്കിബഹുവിസ്തരിച്ചതുംനീ ബഹുമാൎഗ്ഗഗതങ്ങളായതെല്ലാം ബഹുധാകൃതചിദസ്തുമാക്കവൊൻനീ ൪൪

ജഗദെസചരാചരപ്രപഞ്ചംദൃഢമാക്കിസ്പുടതുംഗഭംഗിയൊടെ പ്രളയാംബുധിചെന്നുയൊഗനിദ്രാ മുഴുകാക്കുന്നതുമിന്ദിരാപതെന്നീ ൪൫

ജനനംമരണംവിപത്തുസംപത്തഭിമാനംപരിഭ്ര

തിഭ്രതിലാഭംഅതി ദുൎല്ലടമായമായകൊണ്ടുള്ളതിവ ഭ്രാന്തിവരുത്തുമീശ്വരൻനീ ൬

ഫലമൊന്നുകുഴിച്ചുമണ്ണിലിട്ടാൽ പലകൊമ്പുംതകരങ്ങളുംവിളങ്ങും ചിലപൊട്ടിമറിഞ്ഞു വീഴമപ്പൊൾ ചിലവൎദ്ധിച്ചുഫലങ്ങളുംപൊഴിക്കും ... ൭

അതുനെരമൊരഗ്നിവന്നുപററിസ്ഥിതമായുള്ളതുവെന്തുഭസ്മമാകും അതുപൊലെസമസ്തജന്തുവൎഗ്ഗ സ്ഥിതിയുംനാശവുമീശനിൻപ്രഭാവാൽ ... ൮

അയി ഞാനറിയാതെകണ്ടുചെയ്യാ തപരാധംസകലംക്ഷമിക്കവെണം ഉപകാരവിധാനയൊഗ്യനാം ഞാനപകാരംതവഹന്തചെയ്യുപൊയെൻ ... ൯

അവതാരമിതെത്രശക്തിയുണ്ടെ ന്നറിവാനിമറിമായമാചരിച്ചെൻ ചെറുതല്പഭവാനതൊന്നിദാനീ മറിയിന്നെനപരംഗ്രഹിച്ചുകൂടാ ൧൦

അറിയാമിതുമാത്രമത്രമെവും മറിമാൻകണ്ണികൾ ചെയ്യുപുണ്യപൂരം ഒരുമിച്ചുജനിച്ചുമൂൎത്തിയെല്ലൊ കരുണാവാരിനിധെതവസ്വരൂപം ... ൧൧

വിധിവാക്കുകൾകെട്ടുമാധവൻതാനധികംപ്രീതികലന്നനുഗ്രഹിച്ചാൻ ബഹുരൂപമതാശുസംഹരിച്ചാൻ മഹനീയംശിശുവിഗ്രഹംധരിച്ചാൻ ... ൧൨

കബളാൎദ്ധമിടംകരെവഹിക്കും കപടസ്വാമി കുമാരനെപ്രണമ്യ കമലാസനനഞ്ജസാമരഞ്ഞാൻ കമലാകാമുകനുംപുരംഗമിച്ചാൻ ൧൩

ഒരുനാളുഹരാമനൊടുകൂടി ത്തരസാതാലവനം പ്രവിഷ്ടനായിപരിചൊടുമുദാമുരാരിതാനുംപശുപന്മാരുമശെഷഗൊക്കളൊടെ ൧൪

അഥതാലഫലംകുലുക്കിവീഴിച്ചുതുഭക്ഷിച്ചുതുടങ്ങിവല്ലവന്മാർ അതുകെട്ടുകയൎത്തുധെനുകാഖ്യൻ ദിതിജൻവന്നിതുഗൎദ്ദഭസ്വരൂപീ ൧൫

അവനെക്കുലചെയ്യുകാമപാലൻ ഭുവനത്രാണപരായണസ്വരൂപൻഅതുനെരമവൻെറഭൃത്യവൎഗ്ഗംവിതതക്രൊധഭരെണവന്നടുത്തു ൧൬

അവരാശുസൃഗാലവെഷമൊടെ സമരംചെയ്തിതു
സാഹസപ്രിയന്മാർബലനുംബതകൃഷ്ണനുംരണൊന്മ
കുലചെയ്താരമരാരിവൃന്ദമെല്ലാം ൧൭

ബഹുതാലഫലംഭുജിച്ചവെഗാൽ ഗൃഹമാഗമ്യവ
സിച്ചുവാസുദെവൻ പുനരഗ്രജനെപ്പിരിഞ്ഞൊരു
നാൾ വനദെശെപശുമെച്ചുസഞ്ചരിച്ചാൻ ൧൮

ഉരഗാധിപനായകാളിയന്റെ ഗരളംകൊണ്ടതിരൂ
ക്ഷമഗ്നിതുല്യം ഒരുദിക്കിലഹൊകളിന്ദകന്യാ ജലമെ
ന്നുള്ളതറിഞ്ഞുതത്രചെന്നാൻ ... ൧൯

പശുഗൊപകുലംജലംകുടിച്ചു ഭൃശതാപെനതടെമ
രിച്ചുവീണു മധുവൈരിതദാകടാക്ഷമാകും സുധകൊ
ണ്ടവർപൊട്ടുജ്ജീവയാഞ്ചകാര ... ൨൦

ബഹുപക്ഷികളുംബതപറക്കുന്നളവിൽപക്ഷമുട
ൻകരിഞ്ഞുവീണും മഹിഷങ്ങൾഗജങ്ങളെന്നുവെ
ണ്ടാ ബഹുധാവാരികുടിച്ചുപായമായി ... ൨൧

അതിസംകടമാശുകണ്ടനെരം മതിപത്മെകനിവു
ള്ളവാസുദെവൻ അധിരുഹ്യതദാകടംപുതന്മെലധി
കപ്രഭാവമൊടുതത്രനിന്നാൻ ... ൨൨

ഗരളാഗ്നിബലാൽകരിഞ്ഞവൃക്ഷം തരസാപൃത്തുത
ഴച്ചുദൃഷ്ടമായി യമുനാസലിലെക്കുതിച്ചുചാടി കമലാ
വല്ലഭനുല്ലസത്പ്രമൊദം ... ൨൩

തിരമാലകളിൽകളിച്ചുമന്ദം വിളയാടീടിനകൃഷ്ണനെ
ഫണീന്ദ്രൻ ഹൃതകൊപമണഞ്ഞുചുററിമുററും പരിദം
ശിച്ചിതുമർമ്മസന്ധിതൊറും ... ൨൪

പുളിനെമരുവുന്നഗൊപവൃന്ദം നളിനാക്ഷന്റെ
ദശാവിശെഷമെവം അവലൊക്യവിലാപരൊദമൊ
ടെ വിവശീഭാവമിയന്നുനിന്നുഴന്നു ... ൨൫

അശുഭംബതകണ്ടുനന്ദഗൊപൻ പശുപന്മാരുമ
ശെഷനാരിമാരും ബലഭദ്രനുമാശുതത്രവന്നാ രലമി
ക്രീഡിതമെന്നുനിന്നുചൊന്നാർ ... ൨൬

ഫണിബന്ധമഴിച്ചുവാസുദെവൻ പണികൂടാ
തെകരെറിതീരഭാഗെ ഫണിതൻഫണചക്രമെറിനി

ന്നങ്ങനിന്നങ്ങൾതുടങ്ങിഭംഗിയോടെ ൩൭

തളയുംവളയുംകിലുങ്ങുമാറ ങ്ങിളകീടുംപദപാണി
താളമെളും ലളിതംനടനംമനോഭിരാമം കളസംഗീതക
മംഗലംവിളങ്ങി ൩൮

പിറകൊണ്ടളിതുകൊണ്ടൽവെണിഭാഗെ നിറകൊ
ണ്ടിടുന്നകെകിപിഞ്ഛജാലം നിറമെറിനപീതമാംദുകൂ
ലം നിതരാമങ്ങിളകുന്നനിൎമ്മലാഭം ... ൩൯

അഴകെറിനചാരുനാദമൊട ക്കുഴലുംപാണിതലെ
നവക്രൂപത്തെ അധരാധരസീമ്നിചെൎത്തുപെൎത്ത ങ്ങ
ധികാനന്ദമമന്ദഗീതഘൊഷം ... ൪൦

ഉടനംബരവാസിദെവവൃന്ദം പട്ടുഗാനസ്തുതിഘൊ
ഷഘൊഷമൊടെ തുടിതാളമിടക്കയുംമുഴക്കി സ്ഫുടഭക്തി
പ്രവണംവണങ്ങിനിന്നു ... ൪൧

സരസാമിതരാഗയൊഗമൊടെ സുരനാരീജനനൃ
ത്തവുംതുടങ്ങി ഉരഗപ്രഭുകാളിയൻമയങ്ങീ ഗുരുഭാ
രെണഫണങ്ങളുംവണങ്ങി ... ൪൨

ഫണിനായകഭാൎയ്യമാരശെഷം പ്രണിപാതെന
മുഹുൎമ്മുഹുഃസ്തുതിച്ചുപ്രണവാദികവെദസാരവാക്യം ക്ഷ
ണമാകൎണ്ണ്യതെളിഞ്ഞുവാസുദെവൻ ... ൪൩

അഥസൎപ്പശിരസ്സിൽനിന്നിറങ്ങി പ്രഥിതപ്രീതി
രസെനഗൊപബാലൻ ഉരഗാധിപനെക്കരെണ
തൊട്ട ങ്ങരുൾചെയ്യുന്നതുണ്ടാംബുജായതാക്ഷൻ ൪൪

അയിനാഗപതെനിനക്കുനിത്യം മയിവിശ്വാസ
മഭംഗമായ്വരെണം യമുനാസലിലംവെടിഞ്ഞുവെഗാ
ൽ ഗമനംചെയ്കഭവാൻകുടുംബമൊടെ ... ൪൫

രമണീയതരംസമുദ്രമദ്ധ്യെ രമണംനാമവിശാല
ദെശമുണ്ട അവിടെക്കുഗമിക്കകാളിയാനീ അവിടെ
ഭൂരിസുഖംഭവിക്കുമെല്ലൊ ... ൪൬

വിനതാസുതനെഭയപ്പെടെണ്ടാ വിനയശ്രീഗുണ
മുള്ളകാളിയാനീ തവമൌലിസ്ഥമൽപദങ്ങൾകണ്ടാല
വനുണ്ടൊവിപരീതനായ്വരുന്നൂ ... ൪൭

അതുകെട്ടുനമസ്കരിച്ചുപൊയാ നതുലപ്രീതികല

ന്നാഗരാജൻ ഫണിനീജനവുംഹരിക്കപ്പെട്ടും മണി ജാലങ്ങളൊടുത്തുസംപ്രതസ്ഥ ... ൪൮

തദനന്തരമൎക്കനസ്തമിച്ചു ഖദനാബ്ജംബതമഞ്ജി പത്മിനീനാം പ്രിയയൊടുവിരിഞ്ഞുചക്രവാകം പ്രി യഭാൎയ്യെനവിരിഞ്ഞിതാമ്പലെല്ലാം ... ൪൯

ഭുവനെഷുനിറഞ്ഞിതന്ധകാരം ഭവനംപുക്കുവസി ച്ചുഭീതലൊകം അഭിസാരികമാരനംഗതാപാ ലഭിതൊ ഗ്രഗതാഗതംതുടങ്ങി ... ൫൦

സ്മരനുംതരസാകുലച്ചുവില്ലും ശരവുംകൈക്കലെടു ത്തുകൊപ്പുകൂട്ടി വരവാംഗനികളാത്മവല്ലഭന്റെ വരവും നൊക്കിവസിച്ചുവാസഗെഹെ ... ൫൧

ഇതിരമ്യതമാംദിനാവസാനെ മതിമാനാകിനബാ ലവാസുദെവൻ ജനനീജനകാഗ്രജാദിവൃന്ദം കനി വൊടങ്ങിടകൂട്ടിയാത്രയായി ... ൫൨

ഇവിടെസ്ഥിതിചെയ്യുനാമിദാനിം ഭവനെചെൽ വതിനിന്നുനെരമില്ല ഇതികൃഷ്ണഗിരാവനാന്തരാ ളെ ഹിതമൊടങ്ങുശയിച്ചുവല്ലവന്മാർ ... ൫൩

തൽക്കാലംനാലുഭാഗങ്ങളിലളിപടലശ്യാമധൂമങ്ങ ളൊടെ ലൊകത്തിൽക്കത്തിയെത്തിസ്ഫുടമടവിതടെ കാട്ടുതീകാററുമായി വ്യാഘ്രംസിംഹംവരാഹംമഹിഷ മിതിമഹാജന്തുജാലങ്ങൾവെന്തും ശീഘ്രംനന്ദാദിഗൊ പാലകനികടമടുത്തുച്ചകൈരഞ്ജലിച്ചു ... ൫൪

ഹാഹാകഷ്ടംശിവശിവ മഹാവഹ്നിവന്നിജ്ജനാ നാം ദെഹാപായംവിരവൊടുവരുത്തീടുമെന്നത്തലൊ ടെ മൊഹാലസ്യംപശുപനികരെതത്രവൎദ്ധിച്ചനെരം സ്നെഹാധീശൻമധുരിപുവിഴങ്ങീടിനാനാശ്രയാശം. ൫൫

തദനുവിപിനവഹ്നിക്ലെശനാശെവിവസ്വാ നുദയഗിരികരെറിപ്രൌഢമാവിൎഭവിച്ചു മുദിതമതിമുകു ന്ദൻനന്ദവൃന്ദെനസാകം സദനമനുഗമിച്ചാനുത്തമം തത്രരെമെ ... ... ൫൬.

ഇതി ശ്രീകൃഷ്ണചരിതെ ചതുൎത്ഥസൎഗ്ഗഃ

കാലക്രമെണമുസലായുധമാധവന്മാർ ബാലത്വമാ
കിനദശാന്തമതിക്രമിച്ചു ബാലാംഗനാജനമനൊഹര
മാരലീലാ ലൊലാന്തരംഗരസകാലമലംകരിച്ചു ൧

കാംസ്യധീനകാനനഗതരാകിനരാമകൃഷ്ണന്മാ ഭാണ്ഡീര
കാഖ്യവടവൃക്ഷതടംഗമിച്ചാർ അന്യോന്യമൻപൊ
ടുകളിച്ചുകളിപ്രകാരം ജന്യംതുടങ്ങിജഗതീപതിസെ
വകന്മാർ ൨

തൊൽക്കുന്നവൻബതജയിച്ചവനെഗ്ഗളാന്തെ പാ
ക്കാതെകണ്ടുടനെടുത്തുനടക്കവെണം ഇത്ഥംപരസ്പര
മുറച്ചഥബാലകന്മാർ യുദ്ധംതുടങ്ങിവടവൃക്ഷതടപ്ര
ദെശെ ൩

അപ്പൊൾപ്രലംബദനുജൻപശുപാലവെഷം കെ
ൽപ്പൊടുപൂണ്ടുടനണഞ്ഞുരണംതുടങ്ങി മല്പാടുരാമനൊ
ടുതൊറ്റുഗതാന്തരാളെ ഉപ്പണരാമനെവഹിച്ചുതി
രിച്ചുവെഗാൽ ൪

ഭാരംപൊറാഞ്ഞുനിജവെഷമുടൻഗ്രഹിത്വാ ദൂരത്തു
യന്നുഗഗനെഗമനംതുടങ്ങി സീരായുധൻഝടിതിമു
ഷ്ടികൾകൊണ്ടുകുത്തി പ്പാരാതകണ്ടവനെയുംശമന
നുനൽകി ൫

അക്കാലമപ്പശുകുലംബഹുദൂരമൂരെ ദിക്കുംമറന്നഥ
വിശന്നുതളന്നുനിന്നു പുല്ലില്ലതത്രജലമില്ലമരങ്ങളില്ല
വല്ലാത്തവെനലുമണഞ്ഞുവലഞ്ഞുപാരം ... ൬

നീളത്തിരഞ്ഞുഭഗവാനവിടെക്കുചെന്നു കാളാംബു
ദാളികമനീയകടാക്ഷശാലീ ചിലെന്നുവല്ലവജനങ്ങ
ളുമത്രചെന്നു കാട്ടുന്നവഹ്നിസമമാതപമെത്രഘൊ
രം ൭

കഞ്ജായതാക്ഷനന്നുനെരമടുത്തുകണ്ടു മുഞ്ജാടവീപ
ടലമൻപൊടുശിതശിതം അക്കാട്ടിലാക്കിബതഗൊ
ക്കളെവെഗമൊടെ അക്കാലമാശുപിടിപെട്ടിതുകാട്ടു
തീയും ൮

അയ്യൊമഹാഗ്നിപിടിപെട്ടുദഹിച്ചുദെഹം പൊയ്യു
ല്ലകൃഷ്ണശരണംശരണംത്വമെവം എവംവിളിച്ചുക

രയുന്നജനത്തെനൊക്കീട്ടെ വന്മുകുന്ദനരുൾചെയ്തിതു
മന്ദഹാസി ൯

താപംവെടിഞ്ഞുനിജനെത്രമടച്ചുനില്പ്പിൻ ഗൊപാലരെവിരവിലെന്നരുൾചെയ്യുനെരം. ഗൊപാലരക്ഷികളടച്ചുമിഴിക്കുമപ്പൊ ളാവന്നതിയ്യുമടവീതടവുന്നദൃഷ്ടം ൧൦

മുഞ്ജാടവീപടലവുംബതകാട്ടുതീയ്യും സഞ്ജാതമായതൊരുദൈത്യഭടന്റമായാ തന്മായയുംതദനുതാനുമഹൊനശിച്ചു ദുൎമ്മൊഹമീശപരജനെഷുഫലിക്കുമൊതാൻ ൧൧

പ്രാപിച്ചുഗൊപഗണഗൊഗണയുക്തനാകും ഗൊപാലനാശ്രുയമുനാവിപിനാവകാശം താപിഞ്ഛവഞ്ജുളകദംബവനെവസിച്ചു താപംപെരുത്തസമയംഗമയാഞ്ചകാര ... ൧൨

